കർമ്മേല കുസുമം.

പുസ്തകം ൨൧.) ഫെബ്രുവരി മാർച്ച് (ലക്കം ൧൨.

വി. യൌസേപ്പുപിതാവിൻ വണക്കമാസം.

"അവളുടെ ഭർത്താവായ യൌസേപ്പു നീതിമാനായിരുന്നു."

മീനമാസം വി. യൌസേപ്പുപിതാവിനായി പ്രത്യേകിക്കപ്പെട്ട ഒരു പ്രത്യേകമാസമാണെന്നുള്ളതു കത്തോലിക്കരുടെ ഇടയിൽ പ്രസിദ്ധമായി അറയപ്പെട്ടിട്ടുള്ള ഒരു സംഗതിയാണല്ലൊ. ഈ മാസത്തിൽ ഈ മഹാത്മാവിനെപ്പറ്റി സ്വല്പം പറയുന്നതു സന്ദർഭോചിതമായിരിക്കുമെന്നു വിചാരിക്കുന്നു.

ഈശോമിശിഹായും, വി. അമ്മ കന്യകമറിയവും, കഴിഞ്ഞാൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയുടെ കാര്യത്തിൽ പ്രത്യേകശ്രദ്ധവെച്ചിട്ടുള്ളയാൾ വി. യൌസേപ്പാണെന്നു സംശയമെന്നിയെ പറയാവുന്നതാണ്. ബെത്ലഹമ്മിലെ പുൽക്കൂട്ടിൽ ജാതനായി കിടന്ന ദിവ്യരക്ഷകനേയും, തന്റെ അമ്മ വ. മറിയത്തേയും, കാത്തുസൂക്ഷിച്ചുകൊണ്ടു തിരുക്കുടുംബത്തിന്റെ തലവനായി ഒന്നാമനെ പാലിച്ചുരുന്നയാൾ വി. യൌസേപ്പുതന്നെയായിരുന്നു. മനുഷ്യനായി പിറന്ന ദിവ്യ ഉണ്ണിയെ കാണുന്നതിന്നായി ഓടിവന്ന പാവപ്പെട്ട ആട്ടിടയർ ദർശിച്ചതും നീതിമാനെന്നു കീർത്തിക്കപ്പെട്ട വി. യൌസേപ്പിനെ തന്നെയാണ്. ഈ പുണ്യവാനെപ്പറ്റി വി. പുസ്തകം നീതിമാനെന്ന മാത്രമെ പറയുന്നുള്ളുയെങ്കിലും ഈ വചനത്തിൽ എല്ലാ നന്മകളും അടങ്ങിട്ടുണ്ടെന്നാണ് വി. ഇരാനിമോസ് മല്പാൻ പ്രസ്താവിക്കുന്നതു്. യാക്കോബായുടെ പുത്രന്മാരിൽ പൂർവ്വയൌസേപ്പു മാത്രം മെസ്രേൻ രാജാവിന്റെ വിട്ടുകാരി എന്ന സ്ഥാനത്തിൽ ഉയർത്തപ്പെട്ടതുപോലെ പില്ക്കാലത്തിൽ ഓർശ്ലെമിൽക്കുടിയ യഹൂദയുവാക്കന്മാരിൽവച്ചു ദാവിദിന്റെ ഗോത്രക്കാരനായ വി. യൌസേപ്പുമാത്രമെ, പരിശുദ്ധകന്യകമറിയത്തിന്നു ഭർത്താവായിട്ടും, തൻമൂലം മിശിഹായുടെ വളർത്തുപിതാവായിട്ടും, തമ്മിൽ തമ്മിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളു. തിരുകുടുംബത്തിന്റെ പാലകൻ എന്ന സ്ഥാനത്തിന്നു വ. യൌസേപ്പു തിരിഞ്ഞെടുക്കപ്പെട്ടു എന്ന ഏകസംഗതികൊണ്ടു തന്നെ ഈ പുണ്യവാന്റെ മഹത്വവും, ശക്തിയും എത്രമാത്രമെന്നു ഊഹിക്കാവുന്നതാണ്. ഇപ്രകാരം യോഗ്യനായ ഒരു പുണ്യപുരുഷനെതന്നെ കത്തോലിക്കതിരുസ്സഭയുടെ മദ്ധ്യസ്ഥനായി തിരിഞ്ഞെടുത്തുകൊണ്ടു വിശ്വാസികൾ ഓരോരുത്തരേയും അവരുടെ കുടുംബങ്ങളേയും അത്യാഹത്തിന്റെ നടത്തലിന്നായി കൈയ്യേൽപ്പിച്ചുകൊണ്ടും, കാലം ചെയ്ത ൧൩-ാം ലെയൊൻ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു പ്രസ്താവിച്ചിട്ടുള്ള വാക്യങ്ങൾ താഴെചേർക്കുന്നു. "ശു. പള്ളിയുടെ മദ്ധ്യസ്ഥനായി വി. യൌസേപ്പിനെ തെരിഞ്ഞെടുത്തതിന്നു പ്രത്യേകകാ

രണങ്ങൾ ഉണ്ട്. തന്റെ മാദ്ധ്യസ്ഥം വിശ്വാസികൾക്കും വലിയ ശരണം നൽകുന്നതാണ്. വി. യൌസേപ്പു ഭാഗ്യപ്പെട്ട കന്യകമറിയത്തിന്റെ ഭർത്താവും, മിശിഹായുടെ വളർത്തുപിതാവും ആയി തീർന്നതാണ് ഈ ശരണത്തിന്റെ പ്രധാനകാരണം. ഈ മഹത്വപ്പെട്ട സ്ഥാനം ഒന്നുതന്നെ, ഈ പുണ്യവാന്റെ വ്യക്തിയേയും, ശുദ്ധതയേയും, ദൈവാനുഗ്രഹത്തേയും സ്പഷ്ടമായികാണിക്കുന്നുണ്ട്. ദൈവമാതാവിന്റെ മഹത്വം മറ്റു എല്ലാസൃഷ്ടികളുടേതിനേയുംകാൾ ശ്രേഷ്ഠമായിട്ടുള്ളതാണ്. എന്നാൽ ദമ്പതിമാരെ സ്നേഹത്തിലും വിശ്വാസത്തിലും, ഐശ്വര്യത്തിലും അധികമായി യോജിപ്പിക്കുന്ന വിവാഹബന്ധം ഒന്നുകൊണ്ടുതന്നെ വി. യൌസേപ്പു യോഗ്യതയിൽ വി. മറിയത്തിനു സമമുള്ളവനെന്നു പറയാവുന്നതാണ്. എന്നതുനെയുമല്ല, വി. യൌസേപ്പു വഹിച്ചിരുന്ന ജോലിയുടെ മഹത്വം, വി. കന്യകമറിയത്തിനെയും ദിവ്യ ഉണ്ണിയേയും, തന്റെ ആശ്രയത്തിൻകീഴ് ആക്കിതീർക്കുന്നതായിരുന്നു. ഈ ഉന്നതാധികാരം വഴിയായി തിരുക്കുടുംബത്തെ ഭരിക്കു, കാത്തുസൂക്ഷിക്കു, ശത്രുക്കളിൽനിന്നു രക്ഷിക്കു, തീർക്കുക, ദീർഘയാത്രയിൽ അവരെ സഹായിക്കു, അല്പസിദ്ധാഗത്തിൽ അവർക്കു തുണയായിരിക്കുക, മുതലായ വിട്ടുമാനന്റെ അനേകജോലികൾ താൻ വഹിച്ചിട്ടുണ്ട്. എന്നാൽ വിശുദ്ധ യൌസേപ്പിനാൽ നടത്തപ്പെട്ട ആ തിരുക്കുടുംബം കാത്തോലിക്കാ സഭയുടെ ബാല്യദശതന്നെയായിരുന്നു. ഗാഗുൽത്താമലയിൽവച്ചു മിശിഹായുടെ മാതാവായ കന്യകമറിയത്തെ ക്രിസ്ത്യാനികൾ ഏവരുടേയും അമ്മയാക്കി സ്ഥാപിച്ചു. ഭക്തവകാശം വഴിയായും വീണ്ടെടുപ്പുകാരണത്താലും മിശിഹാ ക്രിസ്ത്യാനികൾ ഏവരുടേയും ആദ്യജാതകനും ക്രിസ്ത്യാനികൾ തന്റെ സഹോദരന്മാരും ആകുന്നു. അപ്പോഴൊ ന്യായമായി വി. യൌസേപ്പു ക്രിസ്ത്യാനികളുടെ മദ്ധ്യസ്ഥനും, കാവൽക്കാരനും ആയിരിക്കുന്നതുകൂടാതെ, അവരുടെ രക്ഷമേൽ ബദ്ധശ്രദ്ധയുള്ളവനും ആയിരിക്കുന്നു. അതിനാൽ പരിശുദ്ധ പിതാവായിരിക്കുന്ന യൌസേപ്പു ലോകത്തിൽ നാനാഭാഗത്തും വിതറികിടക്കുന്ന കത്തോലിക്കുടുംബമായ ആ ബ്രഹ്മാണ്ഡ ഭവനത്തിൻ മേൽ വി. മറിയത്തിന്റെ ഭർത്താവു എന്ന നിലയിലും മിശിഹായുടെ വളർത്തുപിതാവു എന്ന നാമത്തിലും പിതാവിന്നുള്ള അധികാരം ലഭിച്ചിരിക്കുന്നതാണ്. ആകയാൽ സന്ന്യാസിലെ തിരുക്കുടുംബത്തിന്റെ സകല ആവശ്യങ്ങളും ഭംഗിയായും തൃപ്തികരമായും നിവർത്തിച്ചുവന്നതിൻവണ്ണം ഇപ്പോൾ ആകാശത്തിൽ തന്റെ വളർത്തുപുത്രന്റെ അടുക്കൽനിന്നുകൊണ്ടു മിശിഹായുടെ സഭയെ സഹായിക്കയും, ആദരിക്കയും ചെയ്യുമെന്നുള്ളതിന്നു സന്ദേഹമില്ല. അതിനാൽ എല്ലാ സ്ഥിതിയിലും അന്തസ്സിലും ഉള്ള ആളുകളും യൌസേപ്പുപുണ്യവാന്റെ സൂക്ഷത്തിന്നും, ആദരത്തിന്നും തങ്ങളെ ഭരമേല്പിക്കുന്നതിന്നു വേണ്ടകാരണങ്ങൾ ഉണ്ട്. കുടുംബപിതാക്കന്മാർ പിതാവിന്നുള്ള ശുദ്ധയുടേയും, സൂക്ഷത്തിന്റെയും ഒരു നല്ല ദൃഷ്ടാന്തം വി. യൌസേപ്പിൽകാണും. വിവാഹ അന്തസ്സുകാർ വിശ്വാസത്തിന്റെയും, യോജ്യതയുടെയും, സ്നേഹത്തിന്റെയും ഉത്തമമാതൃക ഈ പരിശുദ്ധനിൽ കണ്ടെത്തും. വിവാഹം കഴിക്കാത്തവർക്കു ബ്രഹ്മചാരിത്വത്തിന്റെയും അടക്കം, വിനയം, എന്നിവകളുടെയും ഒരു നല്ല ദൃഷ്ടാന്തം ഈ മഹാത്മാവിൽ നിന്നും കണ്ടുപഠിക്കാവുന്നതാണ്. ഇപ്രകാരം ശ്രേഷ്ഠതയുള്ളവർ നിർഭാഗ്യദശയിൽ ക്രൂടയും അവരുടെ കുലീനത്വത്തിന്റെ മഹത്വത്തെ കാക്കുന്നതിന്നും, സമ്പന്നന്മാർ അത്യാവശ്യമായി അഗ്രഹിച്ചുനഷ്ടപ്പെടേണ്ടവകൾ എന്താണെന്നും മറ്റും വി. യൌസേപ്പിൽനിന്നു കണ്ടുപഠിക്കേണ്ടതാണ്. വേലക്കാർ പ്രത്യേകമായി തന്റെ പ്രത്യേക ആശ്രിതന്മാരായിരിക്കേണ്ടതാണ് എന്തുകൊണ്ടെന്നാൽ നമ്മുടെ പരിശുദ്ധ പിതാവു് രാജഗോത്രക്കാരനായിരുന്നിട്ടും, സ്ത്രീകളിൽവെച്ചു സകലഗുണസംപൂർണ്ണയായവളെ വിവാഹം ചെയ്തിരുന്നിട്ടും, ദൈവപുത്രന്റെ പിതൃസ്ഥാനക്കാരനായിരുന്നിട്ടും വേല ഏറ്റുകൊണ്ടു നിത്യവൃത്തികഴിച്ചുവന്നു.” മേൽപറയപ്പെട്ട വി. ലെ

യൊൻ പാപ്പാതിരുമനസ്സിലെ വാക്യങ്ങളെക്കാൾ അധികമായി യാതൊന്നും വി. യൌസപ്പിന്റെ മാദ്ധ്യസ്ഥംതേടുന്നതിനു നമ്മെ ആകർഷിക്കുന്നതല്ല. അപ്പൊ ഴൊ പ്രിയവായനക്കാരെ! സദാ നമ്മുടെമേൽ ശ്രദ്ധയും താല്പര്യവുമുള്ള ഈ ദിവ്യമദ്ധ്യസ്ഥന്റെമേൽ പ്രത്യേക ഭക്തിയുള്ളവരാകുവിൻ. ആത്മികവും ലൌകികവുമായ എല്ലാ അനുഗ്രഹങ്ങളും വിശുദ്ധ യൌസപ്പു നമുക്കു ദൈവത്തിൽനിന്നും, ലഭിച്ചുതരും. ദുഃഖസങ്കടങ്ങളും, ശരീരദീനങ്ങളുംകൊണ്ടു കഷ്ടപ്പെടുന്നവർ തന്റെ പക്കൽ അഭയംപ്രാപിച്ചു ഏരിവോടെ പ്രാർത്ഥിപ്പിൻ. നിത്യജീവിത്തിലേക്കു പ്രവേശിക്കുന്നതിനുള്ള വാതലായ മരണനേരത്തുണ്ടാകുന്ന ആകുലങ്ങളെ തടുക്കുന്നതിനും നമ്മെ ധൈര്യപ്പെടുത്തുന്നതിനും താൻ ഉത്തമപിതാവാണന്ന അനുഭവംതന്നെ സാക്ഷിയാണ്. വി യൌസപ്പിൻഭക്തന്മാർ ഈ മീനമാസം മുഴുവനും അതിനുകഴിയാത്തവർ മറ്റൊരുതെങ്കിലും മാസത്തിലും അവിടത്തെ ജീവിതത്തെപറ്റിയും മഹത്വത്തെക്കുറിച്ചും വിവരിക്കുന്ന ജ്ഞാനപുസ്തകങ്ങളെ വായിക്കയൊ, വായിക്കുന്നതിനെ കേൾക്കയൊ ചെയ്യണം. ഈ മാസം മുടക്കം കൂടാതെ ദിവസന കുറിക്കപ്പെട്ട ജപങ്ങളെ ഭക്തിപൂർവ്വം ചൊല്ലുണം മാസത്തിന്റെ അന്ത്യത്തിൽ കുമ്പസാരിച്ചു ദിവ്യകാരുണ്യം കൈക്കൊള്ളണം. കൂടാതെയും ആണ്ടിൽ വരുന്ന എല്ലാ ബുധനാഴ്ചകളിലും ഈ പുണ്യവാന്റെ വണക്കത്തിന്നായി വല്ല പുണ്യപ്രവൃത്തികളുംചെയ്യണം. പാട്ടുള്ളവർ ഈ പിതാവിന്റെ സ്തുതിക്കായി മൂന്നു ഭിക്ഷക്കാക്കു അന്നവസ്ത്രാദാനങ്ങൾകൊടുക്കുന്നതും അനുസരിക്കുന്നതും നന്നായിരിക്കും. കടശി മാർ യൌസപ്പിനോടു അപേക്ഷിച്ചതിൽ ഒരു സംഗതിയും സാധിക്കാതിരുന്നിട്ടില്ല യെന്നുള്ള വിശുദ്ധ ത്രേസ്യയുടെ വാക്കുകളെ ഓർമ്മിപ്പിച്ചുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

ഈശോ മ്ശിഹായുടെ കഷ്ടാനുഭവങ്ങളിന്മേലുള്ള ധ്യാനം.

നരദേവനായ ഈശോ മ്ശിഹാ നമുക്കു വേണ്ടി സഹിച്ചവകളെ ദിവസംപ്രതി ഓർക്കുന്നതുപോലെ രക്ഷകരമായുള്ളതു മറെറാന്നുമില്ലെന്നു വിശുദ്ധ ആഗ്സ്തീനോസ് പറയുന്നതു് ഏതുകാലത്തും യഥാർത്ഥമായുള്ളതായിരുന്നാലും നമുടെ കർത്താവിന്റെ ദുഃഖാനുഭവങ്ങളുടെയും മരണത്തിന്റെയും ഓർമ്മകൊണ്ടാടുന്ന ഈ നോമ്പുകാലത്തിൽ അങ്ങെ കഷ്ടാനുഭവങ്ങളിന്മേലുള്ള ധ്യാനം ഏറ്റവും ഉചിതമായുള്ളതും ഉപകാരപ്രദമായുള്ളതും ആകുന്നു. ഈ ധ്യാനം പാപത്തെ പേടിക്കുന്നതിനും ദ്വേഷിക്കുന്നതിനും, പുണ്യത്തിലും ദൈവസ്നേഹത്തിലും വർദ്ധിക്കുന്നതിനും വളരെ ഉപകരിക്കുന്നു.

ക. നാ. കർത്താവിന്റെ കഷ്ടാനുഭവത്തിന്റെയും മരണത്തിന്റെയും കാരണം മനുഷ്യരുടെ പാപം ആകുന്നു എന്നു കാണുമ്പോൾ ഇതു എത്രഭയങ്കരമായുള്ളതും ദ്വേഷിക്കത്തക്കതും ആയതിനയാകുന്നു എന്നു എളുപ്പം ഗ്രഹിക്കാവുന്നതാകുന്നു. ഫലത്തിന്റെ ഭയങ്കരത്വം കണ്ടു കാരണത്തിന്റെ ഭയാനകത്തെ നാം അറിയേണം. മരണത്തിന്റെ ശീഘ്രതകണ്ടു വിഷത്തിന്റെ ഭയങ്കരസ്വഭാവത്തെ നാം അറിയുന്നുവല്ലൊ. ആകയാൽ കർത്താവിന്റെ പക്കപ്പാടിനെ ഉറ്റു ധ്യാനിക്കുന്നവൻ ഇതിന്റെ കാരണമായ പാപത്തെ പേടിക്കാതെയും പകെക്കാതെയും ഇരിപ്പാൻ അസാധ്യമാകുന്നു. ഇതിനാൽ ഒരിജെനൂസ് പറയുന്നതു്: മ്ശിഹായുടെ മരണത്തെ ഒരുവൻ ആത്മാവിൽ വഹിക്കുമ്പോൾ, അതിൽ പാപം വീഴുകയില്ല, നിശ്ചയം. പാപപരിഹാരാർത്ഥം ഈശോ മ്ശിഹാ സഹിച്ച ദുഃഖങ്ങളേയും അവമാനങ്ങളേയും ധ്യാനിക്കുന്ന ഒരു വിശ്വാസമുള്ള ക്രിസ്ത്യാനി എങ്ങനെവീണ്ടും പാപം ചെയ്വാൻ തുനിയും? ബൽആസർ അൽവാരസ് എന്ന വന്ദ്യഗുരു ഇപ്രകാരം പറഞ്ഞുവന്നു. "ക്രിസ്ത്യാ

നികൾ ഈശോമ്ശിഹായുടെ കഷ്ടാനുഭവത്തിൽ അടങ്ങിയിരിക്കുന്ന നിക്ഷേപങ്ങളെ അറിയാതിരിക്കുന്നതു അവക്കു നാശകാരണമാകുന്നു.,, ഇതിനാൽ അദ്ദേഹം തന്റെ വക്കൽ വരുന്ന അനുതാപക്കാരോട് അവർ ക്രൂശിക്കപ്പെട്ട ഈശോയെ തങ്ങളുടെ ഹൃദയത്തിൽ എപ്പോഴും വഹിച്ചുകൊണ്ടു വന്നാലല്ലാതെ, വല്ലകാര്യവും സാധിച്ചു എന്നു വിചാരിക്കണ്ടാ എന്നു പറഞ്ഞുവച്ചു. വി. ബൊനവെന്തൂർ പറയുന്ന പ്രകാരം ഈശോയുടെ ക്ഷതങ്ങൾ ഏറ്റം കഠിനഹൃദയങ്ങളെ മയപ്പെടുത്തുന്നതും ഏറ്റം തണുത്ത ആത്മാവുകളെ ചൂടുപിടിപ്പിക്കുന്നതും ആയ മുറിവുകളാകുന്നു.

൨. ഈശോമ്ശിഹായുടെ പങ്കപ്പാടുകളെ ക്രൂക്കൂടെ ധ്യാനിക്കുന്നതു പുണ്യാഭ്യുന്നതിയിലും പുണ്യാഭ്യാസത്തിലും വളരുവാനും ഉപകരിക്കുന്നു. വിശുദ്ധ ബൊനവെന്തൂർ പറയുന്നതു്: പുണ്യത്തിൽനിന്നു പുണ്യത്തിലേക്കും വരപ്രസാദത്തിൽ നിന്നു വരപ്രസാദത്തിലേക്കും അഭിവർദ്ധന പ്രാപിപ്പാൻ ആഗ്രഹിക്കുന്നവൻ ഈശോയുടെ കഷ്ടാനുഭവത്തെപ്പറ്റി ധ്യാനിക്കട്ടെ എന്നാണ്. ഈശോമശിഹായുടെ ദുഃഖാനുഭവങ്ങളെപ്പലപ്പോഴും വിചിന്തനം ചെയ്യുന്നതിൽ അധികമായി പുണ്യപൂർണ്ണത പ്രാപിപ്പാൻ സഹായിക്കുന്ന മറ്റു ഉപായമൊന്നുമില്ല എന്നും അദ്ദേഹം ഉറപ്പായി പറയുന്നു. ഈശോയുടെ കഷ്ടാനുഭവത്തെ ധ്യാനിച്ചു ചിന്തുന്ന ഒരു തുള്ളി കണ്ണീർ ഓർശ്ലേമിലേക്കുള്ള തീർത്ഥയാത്രയെക്കാളും അപ്പവും വെള്ളവും മാത്രം ഭക്ഷിച്ചുകൊണ്ടുള്ള ഒരു സംവത്സരത്തെ ഉപവാസത്തെക്കാളും പുണ്യഫലമുള്ളതാകുന്നു, എന്നു വിശുദ്ധ അഗുസ്തീനോസ് സ്ഥിരം വാദിക്കുന്നു. പങ്കപ്പാടിന്റെ ധ്യാനത്തിൽ സകല പുണ്യശാസ്ത്രവും അടങ്ങിയിരിക്കുന്നു. ഇതിനാൽ വിശുദ്ധ പൌലോസ് ക്രൂശിക്കപ്പെട്ടവനായ ഈശോയെ അല്ലാതെ മറ്റൊന്നും അറിയുന്നതിനു ആഗ്രഹിച്ചില്ല. അദ്ദേഹം പറയുന്നതു്: 'ഞാൻ നിങ്ങളുടെ ഇടയിൽ ഈശോമ്ശിഹായേയും ക്രൂശിക്കപ്പെട്ട അവനേയും അല്ലാതെ യാതൊന്നും അറിയുന്നതായി ഭാവിച്ചില്ല.' എന്നു പറയുന്നു. (൧ കൊ ൨ അ൨.)

യഥാർത്ഥത്തിൽ ക്രൂശിക്കപ്പെട്ട ഈശോമ്ശിഹായിൽ നിന്നല്ലാതെ മറ്റൊരു പുസ്തകത്തിൽനിന്നു നമുക്കു അധികമായി പുണ്യശാസ്ത്രം അഭ്യസിക്കാം? വായിപ്പാൻ ശീലിച്ചിട്ടില്ലായിരുന്ന കുഞ്ഞീങ്കാരനായ ബെർണ്ണാർഡ് സഹോദരനെ സംബന്ധിച്ചു ഒരു സംഭവം എഴുതപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ സഭാസഹോദരന്മാർ അദ്ദേഹത്തെ അക്ഷരാഭ്യാസം ശീലിപ്പിക്കാൻ ഭാവിക്കയിൽ അദ്ദേഹം ഈ കാര്യം സംബന്ധിച്ചു തന്റെ തുങ്ങപ്പെട്ട രൂപത്തോടു ആലോചന ചോദിപ്പാൻ പോയി. എന്നാലെ, എന്തൊരു പാഠം? എന്തൊരു പുസ്തകം നീ പഠിപ്പാൻ പോകുന്നു? നിന്റെ നേരെയുള്ള എന്റെ സ്നേഹത്തെ നിനക്കു ഇടവിടാതെ വായിക്കാവുന്ന പുസ്തകം ഞാനാകുന്നു. എന്നു ഉത്തരം പറഞ്ഞു.

വിശുദ്ധ ബൊനവെന്തൂർ വിശുദ്ധ തോമാസ് അകിനാസിനോടു പറഞ്ഞതു മറുപടിയും ഈ കാര്യത്തെ തന്നെ തെളിയിക്കുന്നു. ഒരിക്കൽ പ്രസ്തുത അകിനാസ് വിശുദ്ധ ബൊനവെന്തൂരിനെ കാണ്മാൻ പോകയിൽ, അദ്ദേഹത്തോടു നിങ്ങൾ എഴുതിയിട്ടുള്ള ആ മനോഹരങ്ങളായ പാഠകങ്ങളെല്ലാം എവിടെ നിന്നു പഠിച്ചിട്ടുള്ളതാകുന്നു എന്നു ചോദിച്ചു. ഇതിന്നു വിശുദ്ധ ബൊനവെന്തൂർ, തന്റെ മുമ്പനംകൊണ്ടു മിക്കവാറും വൈരൂപ്യപ്പെട്ടുതീയിരുന്ന തന്റെ കുരിശുരൂപത്തെ കാണിച്ചുകൊണ്ടു്, ഞാൻ എഴുതിയിട്ടുള്ളവയെല്ലാം പഠിച്ച പുസ്തകം ഇതാകുന്നു എന്നു ഉത്തരം പറഞ്ഞു. സംക്ഷേപിച്ചു പറയാം: പുണ്യവാന്മാരെല്ലാം ദൈവസ്നേഹത്തിന്റെ ശാസ്ത്രത്തെ പഠിച്ചതു തുങ്ങപ്പെട്ട കർത്താവിന്റെ രൂപത്തിൽനിന്നാകുന്നു.

൩. കടശി ദൈവസ്നേഹത്തിൽ വളരുന്നതിന്നു കർത്താവിന്റെ പങ്കപ്പാടിന്റെ ധ്യാനംപോലെ ഉത്തമമായ മാർഗ്ഗമില്ല. വിശുദ്ധ അഗുസ്തീനോസ് ക്രൂശിൽ തുങ്ങിക്കിടക്കുന്ന ഈശോയെ

ധ്യാനിക്കയിൽ സ്നേഹോജ്വലനായി ഇ പ്രകാരം പ്രാർത്ഥിക്കുന്നു. കർത്താവെ! നി ന്റെ ക്ഷതങ്ങളെ എന്റെ ഹൃദയത്തിൽ പതിക്കേണമെ, ഞാൻ നിന്റെ സ്നേഹ ത്തെപ്രതി എല്ലാ കഷ്ടതകളേയും സഹി പ്പാൻവേണ്ടി നിന്റെ കഷ്ടാനുഭവത്തെ യും നിന്നെപ്രതി എല്ലാ സ്നേഹത്തെയും ഞാൻ നിന്ദിപ്പാൻവേണ്ടി നിന്റെ സ്നേ ഹത്തേയും ഞാൻ അതിൽ പായിക്കട്ടെ. അതായതു്, കർത്താവെ! എന്റെ ഹൃദയ ത്തിൽ നിന്റെ കഷ്ടതകളേയും സ്നേഹ ത്തേയും ഞാൻ പ്രയോഗം കാണ്മാൻ വേണ്ടി നീ എന്റെ ഹൃദയത്തിൽ നി ന്റെ മുറിവുകളെ പതിക്കേണമെ. വി ശുദ്ധ ഫ്രാൻസിസ് അസ്സീസിയെ സ്നേ ഹോജ്വലനായ സ്രാപ്പെ മാലാഖയായിക്ക തുല്യനാകിയതും പങ്കുപ്പാട്ടിന്റെ ധ്യാന മാകുന്നു. ഈ പുണ്യവാൻ നമ്മുടെ ക ർത്താവിന്റെ കഷ്ടാനുഭവത്തെ ഇടവിടാ തെ ഓർത്തു കരഞ്ഞുവന്നതിനാൽ മിക്കവാ റും കാഴ്ചയില്ലാത്തവനായി തീർന്നു. നാം ഈശോയുടെ കഷ്ടാനുഭവങ്ങളെ ഗാഢ മായി ഭക്തിപൂർവ്വം ഉറ്റു ചിന്തിക്കുമെങ്കി ൽ ഈശോയുടെ നേരെയുള്ള സ്നേഹ ത്തെപ്രതി എന്തും സഹിപ്പാൻ സന്നദ്ധ രായിക്കൊണ്ടു് വിശുദ്ധ പൌലോസി നെപ്പോലെ 'ഈശോയുടെ സ്നേഹം എ ന്നെ നിർബ്ബന്ധിക്കുന്നു'. (൨. ക്രു. ൫). എ ന്നു നാമും നിലവിളിക്കും. അവസാന മായി നമുക്കുവേണ്ടിയും നമ്മുടെ സ്നേഹ ത്തെപ്രതിയും, 'പാപികളിൽ നിന്നു ത നിക്കു വിരോധമായി ഇപ്രകാരമുള്ള വി രോധങ്ങളെ സഹിച്ചതിൽ നിങ്ങൾ ഉ ത്സാഹപൂർവ്വം വിചാരണം ചെയ്തിൻ' എ ന്ന വിശുദ്ധ പൌലോസിന്റെ വാക്കുക ളെ ഞാൻ നിങ്ങളെ ഓർപ്പിക്കുന്നു.

൨. ൨൧ . ൨൫

മിഷ്യനറി കന്യാസ്ത്രികൾ.

ഫ്രഞ്ചെ-ൽ തെക്കെ ഇന്ത്യായിൽ നീലഗിരിമലയിൽ ഊട്ടകമണ്ടിൽ മിഷ്യ വേലക്കായി ഒരു കന്യകാമഠം സ്ഥാപിക്ക പ്പെട്ടു. നൂറു വർഷങ്ങൾകൊണ്ടു ഈ മിഷ്യനറികന്യകളുടെ തുക (൫൦൦) അ യ്യായിരത്തോളം വർദ്ധിക്കയും, ലോകമൊ ട്ടുക്കു ഇവരുടെ മഠങ്ങൾ സ്ഥാപിക്കയും ചെയ്തിട്ടുണ്ടു്. ഇത്രവേഗത്തിൽ പരന്നു വ ർദ്ധിച്ച ഈ വിസ്മയിക്കത്തക്ക സഭയുടെ തുടങ്ങിയ വിവരം താഴെ ചേർക്കുന്നു.

ഈ സഭക്കാരുടെ പേർ Franciscan Missionaries of Mary "മറിയത്തിന്റെ ഫ്രാൻസീസ്കൻ മിഷ്യനറികൾ" എന്നാണു്. സഭാസ്ഥാപക അയ (Helene Marie) ഏലന്നാമറിയം എന്ന പുണ്യവതി ഫ്രാൻ സിൽ നാന്തോസ് എന്ന പട്ടണത്തിൽ ഫ്രഞ്ചുകാരനായ പിതാവു; ഫ്രാൻസു-ാമാണ്ടു പിതാവു ഭാഗ്യപ്പെട്ട മരണം പ്രാപിച്ചു. ശ്രീ ഹന്മാക്കിട്ടത്ത മഹാതിണ്ണ്തയോടുകൂടിയ ഈ സ്ത്രീരത്നം വിശുദ്ധ ഉമ്മിനീങ്കോ സിന്റെ വംശവഴിയിൽതന്നെ വളർന്നു. ചെറുപ്പത്തിൽ തന്നെ പരിഹാരസഭ കന്യകാമഠത്തിൽചേർന്നു. ആദ്യം പരിഹാ രകന്യക എന്ന നിലയിൽ ഇന്ത്യാദേശ ത്തിൽ മിഷ്യവേല നടത്തുവാൻ വന്നു. വിസ്താരമേറിയ ഇന്ത്യാദേശത്തിലും മറ്റു അജ്ഞാനദേശങ്ങളിലും മിഷ്യവേലചെ യ്യാൽ ആത്മാവുകളെ രക്ഷിക്കുന്നതു നന്നു വളരെ ഏളുപ്പമുണ്ടെന്നു മനസ്സിൽ കരു തിക്കൊണ്ടു ദൈവസഹായത്തോടുകൂടെ തന്റെ ആദ്യമഠം ഫ്രഞ്ചെ-ൽ ഊട്ടകമ ണ്ടിൽ സ്ഥാപിച്ചു. ഉടനെ യൂറോപ്പിൽ പിന്തിരിഞ്ഞ സഭയുടെ വർദ്ധനവിനു ള്ള മാർഗ്ഗങ്ങളെ ആലോചിച്ചു ഭാഗ്യ ഓമ്മ ക്കർഹനായ ൯-ാം പിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഫ്രഞ്ചു-ൽ ഒരു സ ഭയുടെ നിയമങ്ങളെ ആദ്യം പരീക്ഷാർത്ഥം അംഗീകരിച്ചു. ഫ്രഞ്ചു-ൽ സ ഭയുടെ നിയമങ്ങൾ എന്നേക്കുമായി അം ഗീകരിക്കപ്പെട്ടകയും ചെയ്തു. നിയമങ്ങൾ എഴുതപ്പെട്ടിരുന്ന കാലത്തു 'മിഷ്യവേ ലക്കുള്ള നിയമങ്ങളെ പ്രത്യേകമായി ഉ ണ്ടാക്കേണ'മെന്നു ൯-ാം പിയൂസ് മാ ർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഏലന്നാമറി യം സഹോദരിയോടു കല്പിക്കയുണ്ടായി: സ്കൂളുകൾ, ആശുപത്രിശാലകൾ, മരുന്നു ഡി സ്പെൻസറികൾ, മുതലായ സ്ഥാപനങ്ങ ളെ യോഗ്യതയോടെ നടത്തികൊണ്ടു പോകുവാൻ ഇവർ സമർത്ഥകളാണ്. ഈ

ഗ്ലണ്ട്, ഫ്രൈലാണ്ട്, ബെൽജ്യം, പ്രാൻസ്, ഹോളണ്ട്, ഇറലി, സ്പെയിൻ, ഹങ്കരി, മാൾട്ടാ, കനഡാ, അമേരിക്കയിലെ ഐക്യനാടുകൾ എന്നീ സ്ഥലങ്ങളിലൊക്കെയും ഓരോ സഭയുടെ മഠങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഓരോ സഭയിൽ ചേർന്നിട്ടുള്ള അന്യായിരത്തിൽപരം മിഷ്യനരികന്യകകൾ ഇന്ത്യാ, ബർമ്മാ, സിലോൺ, ജപ്പാൻ, ചൈനാ, മഡഗാസ്കർ, മൊങ്കൊലിയ, റഷ്യാ, സിറ്റ്സ്, പല്ലസ്തീന, ആഫ്രിക്കാ, അമേരിക്കാ എന്നീദേശങ്ങളിൽ സ്തുത്യർഹമായ വേലകൾ നടത്തിവരികയും ചെയ്യുന്നു. ഇത്രവേഗത്തിൽപരന്ന വർദ്ധിച്ച ഒരുസഭ വേറെയുണ്ടോയെന്ന സംശയമാണ്. ഇതിന്റെ മുഖ്യകാരണം ദൈവസഹായവും വിശുദ്ധ പൌലോസ് ശ്ലീഹായുടെ അത്മപിയോട് തുല്യമായ ഷലന്നാ മറിയം എന്ന പുണ്യപ്പെട്ട സഹോദരിയുടെ പരിശ്രമവുമാണ്.

?ഷ൨ . ൮.൨

ശിക്ഷാവിധിയിൻകീഴ് സകല മനുഷ്യരും പ്രവേശിക്കേണ്ടതായ ഒരു സഭയെ മിശിഹാ ഭൂമിയിൽ സ്ഥാപിച്ചു. (തുടർച്ച)

സകല മനുഷ്യരും തന്റെ ഉപദേശം സ്വീകരിച്ച് താൻ സ്ഥാപിച്ച സഭയിൽ പ്രവേശിക്കണമെന്ന മ്ശിഹാ കല്പിച്ചിട്ടുള്ളതായി മുമ്പ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. താൻ ശ്ലീഹന്മാരോട് കല്പിച്ചത് എപ്പോക്കാലത്തും മനുഷ്യരെ പഠിപ്പിക്കയും അവർക്ക സത്യോപദേശം അതായത് അവരോട താൻ കല്പിച്ചിട്ടുള്ളതൊക്കെ അവർക്ക വെളിപ്പെടുത്തുകയും ചെയ്യണമെന്നാണ്. പഠിപ്പിക്കണമെന്ന ശ്ലീഹന്മാരോട മ്ശിഹാ കല്പിച്ചപ്പോൾ അവരുടെ പഠനത്തെ ജനങ്ങൾ സ്വീകരിച്ച് അതിൽ വിശ്വസിക്കണമെന്ന അവരോടും കല്പിച്ചിട്ടുണ്ടെന്നുള്ളത നിർവിവാദമാണ്. ഉപദേശിക്കണം അഥവാ പഠിപ്പിക്കണമെന്നുള്ള കല്പന ശ്ലീഹന്മാർക്ക കൊടുത്തപ്പോൾ അവരുടെ ഉപദേശം സ്വീകരിക്കണമെന്നുള്ള നിർബന്ധം ജനങ്ങളിൽ വച്ചില്ലെന്ന വിചാരിക്കുന്നതും പറയുന്നതും തീരെ അബദ്ധമാകുന്നു. വിശ്വസിക്കാനുള്ള മുമ്പല ജനങ്ങളിൽ നമ്മുടെ കർത്താവു വെച്ചിട്ടുണ്ടെന്ന താൻ തെളിവായി നമ്മെ അറിയിച്ചു തരുന്നുണ്ട്. എന്തെന്നാൽ, "വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെട്ടം" എന്ന വിശദമായി താൻ കല്പിച്ചിട്ടുണ്ട്.

തന്റെ ഉപദേശവും കല്പനകളും ചെന്നുകൊള്ളാതെയിരിക്കുന്ന ജനങ്ങളും അഥവാ വ്യാജ ഉപദേഷ്ടാക്കളാൽ വഞ്ചിക്കപ്പെട്ടുകയാൽ തങ്ങളുടെ കുറ്റം ക്ഷമാതെ, സത്യം അറിയാതെ ഇരിക്കുന്ന ജനങ്ങളും ഭവിഷ്യൽക്കാലങ്ങളിൽ ഉണ്ടാകുമെന്ന മ്ശിഹാ അറിഞ്ഞിരുന്നില്ലയോ എന്നും മനസ്സാലെ തിന്മചെയ്യാത്തവനെ ദൈവം ശിക്ഷയ്ക്ക വിധിക്കുന്നില്ലെന്നും ഒരു പ്രവൃത്തി ചെയ്യാൻ താൻ കടപ്പെട്ടിരിക്കുന്നു എന്ന് അറിയാത്ത ഒരുത്തൻ ആ പ്രവൃത്തി ചെയ്യാതിരുന്നാൽ കുറ്റക്കാരൻ ആയിരിക്കയില്ലെന്നും കുറ്റം ഉണ്ടാകണമെങ്കിൽ അതിനെപ്പറ്റി അറിവുണ്ടായിരിക്കണമെന്നും ഉള്ള സംഗതികൾക്ക സമാധാനം എന്താണെന്ന് ഒരു ചോദ്യം ഇവിടെയുണ്ടാകുന്നുണ്ട്. നമ്മുടെ രക്ഷകൻ ദൈവമാകുന്നു എന്നും താൻ ഭൂമിയിൽ ഒരു സഭയെ സ്ഥാപിച്ചു മനുഷ്യർ എല്ലാവരും ആ സഭയിൽ പ്രവേശിക്കണമെന്ന കല്പിച്ചു എന്നും അറിയുന്നവർ ആ കല്പനയെ അനുസരിക്കാതിരുന്നാൽ രക്ഷപെടുവാൻ വഹിയാ എന്ന മേൽകാണിച്ച തന്റെ തിരുവാക്യങ്ങൾ തെളിവായി കാണിക്കുന്നു. മനുഷ്യർ എല്ലാവരും രക്ഷപെടുന്നതിനു ദൈവം തിരുമനസ്സാകുന്നു. അവരുടെ മനസ്സില്ലായ്മകൊണ്ട രക്ഷയുടെ ഫലങ്ങൾ അവർക്ക ദൈവം കൊടുക്കുന്നതല്ല. രക്ഷ പ്രാപിക്കുന്നതിനു വേണ്ടിയിരിക്കുന്ന സംഗതികൾ ഒക്കെയും നിറവേറ്റാത്തവർ നാശത്തിൽനിന്നു ഒഴിയുന്നതല്ല.

തന്റെ സഭയുടെ ജ്ഞാനാധികാരത്തോട് എതിർക്കുന്നവർ എല്ലാക്കാലത്തും ഉണ്ടാകുമെന്ന മ്ശിഹാ കണ്ടിരുന്നു. ആ തേപ്രകാരംതന്നെ തന്റെ സഭയുടെ ഭര

ണകത്താക്കളായ തന്റെ പ്രതിനിധികളുടെയും ശുശ്രൂഷികളുടെയും അധികാരത്തെ വകവെയ്ക്കാതെ അവരോടും അവരുടെ അധികാരത്തോടും മല്ലുപിടിക്കുന്ന മനുഷ്യരുടെ അഹങ്കാരബുദ്ധിയേയും അവിടുന്നു കണ്ടിരുന്നു. പിൻകാലങ്ങളിൽ ഉണ്ടാകാനിരുന്ന അബദ്ധോപദേശങ്ങളിൽ യാതൊന്നും നമ്മുടെ കർത്താവിന്റെ ദൃഷ്ടിയിൽ പെടാത്തവയായി ഉണ്ടായിരുന്നില്ല. ഇങ്ങനെ അബദ്ധോപദേശങ്ങളിൽ വീണുപോയവരിൽ പലരും അവർ വിണിരിക്കുന്ന അബദ്ധത്തെപ്പറ്റി അറിയാത്തതിനാൽ കുറ്റമില്ലാത്തവരും ദൈവത്തെ ഭയന്നു നടക്കുന്നവരും ആയി വരാവുന്നതാണ്. പിന്നെയും ശ്ലീഹന്മാരെ ലോകത്തിൽ പ്രസംഗിക്കാനായി നമ്മുടെ കർത്താവു അയച്ചപ്പോൾ അവരുടെ പ്രസംഗം ചെന്നെത്തുപെടാത്ത സ്ഥലങ്ങളും ജാതിജനങ്ങളും ഉണ്ടാകുമെന്നും തൻമൂലം സത്യോപദേശത്തിന്റെ പ്രകാശം അവക്കു ലഭിക്കാതെ പോകുമെന്നും അതു് അവരുടെ കുറ്റംക്കൂടാതെ വരാമെന്നുംകൂടി നമ്മുടെ കർത്താവു കണ്ടിരുന്നു. നമ്മുടെ കർത്താവു മരിച്ചതു ദൈവവരപ്രസാദം സകല മനുഷ്യരും പ്രാപിക്കാൻ വേണ്ടിയാണ്. തന്റെ തിരുരക്തത്താൽ വാങ്ങിയ ഈ അതിസാഭാവികമായ ദൈവവരപ്രസാദമാണ് രക്ഷ പ്രാപിക്കുന്നുള്ള ഏക മാർഗ്ഗം. രക്ഷയുടെ ദാനമായ ഈ ദൈവ വരപ്രസാദം മനുഷ്യാത്മാക്കളിലേക്കു കൊണ്ടുവരാനുള്ള സാധാരണ മാർഗ്ഗമായി നമ്മുടെ കർത്താവു തന്റെ സഭയിൽ സ്ഥാപിച്ചതു ക്രമാശകൾ ആണ്. ഈ ദൈവവരപ്രസാദം പ്രാപിക്കാനുള്ള സാധാരണ മാർഗ്ഗം ക്രമാശകൾ ആയിരുന്നാലും അതു് അസാധാരണവഴിക്കു മറ്റുവിധത്തിൽ നമ്മുടെ കർത്താവിനു കൊടുക്കാൻ പാടില്ലെന്നു വിചാരിച്ചുകൂടാത്തതാണ്.

സത്യോപദേശവും ദൈവവരപ്രസാദലഭ്യത്തിനുള്ള മാർഗ്ഗങ്ങളും കൈക്കൊള്ളാതിരിക്കുന്നവരുടെ രക്ഷയെപ്പറ്റി ഏഴനൂറുവർഷം മുമ്പു ജീവിച്ചിരുന്ന സഭയുടെ ഒരു മഹാ മല്പാനായ തോമ്മാ അക്വിനാസ് എന്ന ദേഹം പഠിപ്പിക്കുന്നതു ഇങ്ങനെയാണ്. ദൈവകാരുണ്യം എല്ലാ മനുഷ്യർക്കും രക്ഷയുള്ള മാർഗ്ഗങ്ങളെ നൽകുന്നു. കാട്ടിൽ ജീവിക്കുന്നെ ഒരു മനുഷ്യൻ നന്മചെയ്യണമെന്നും തിന്മ ചെയ്യരുതെന്നുമുള്ള സ്വാഭാവിക പ്രമാണത്തെ അനുസരിച്ചു ജീവിക്കുന്നെങ്കിൽ അവൻ വിശ്വസിക്കേണ്ടതായ സത്യങ്ങളെ അവന്റെ ഹൃദയത്തിൽ ദൈവം കാണിച്ചുകൊടുക്കയൊ അല്ലാത്തപക്ഷം കൊർണേലിയൂസിന്റെ പക്കലേക്കു പത്രോസിനെ അയച്ചുകൊടുത്തതുപോലെ ഒരു വേദപ്രസംഗിയെ അവന്റെ അടുക്കലേക്കു അയച്ചുകൊടുക്കയൊ ചെയ്യുമെന്നുള്ളതു നിസ്സംശയമാണ്. കത്തോലിക്കസഭയ്ക്കു പുറമെ ഇരിക്കയും കുറ്റമറ്റ അറിവില്ലായ്മയാൽ വേദസത്യങ്ങളിൽ വല്ലതുമൊന്നിനെ വിശ്വസിക്കാതിരിക്കയും ചെയ്യുന്നവരെക്കുറിച്ചും ഇതുതന്നെ പറയേണ്ടിയിരിക്കുന്നു. എന്നാൽ വേദസത്യങ്ങളെ അറിഞ്ഞിട്ടും അതിനെ സ്വീകരിക്കാത്തവരെപ്പറ്റിയും അല്ലെങ്കിൽ തങ്ങളുടെ അബദ്ധനിലയെപ്പറ്റി സംശയം തോന്നീട്ടും ആ സംശയത്തെ നീക്കാനുള്ള മാർഗ്ഗത്തെ ഉപയോഗിക്കാത്തവരെപ്പറ്റിയും ഇതു പറഞ്ഞുകൂടാത്തതാകുന്നു.

ഫാദർ. ഫ്രാൻസിസ്.

വിശുദ്ധ അൽഫൊൻസാ റൊദ്രിഗോസ്.

൫-ാം അദ്ധ്യായം.

എട്ടാം ഏപ്രിൽ ദിവസം അൽഫൊൻസ് നവസന്ന്യാസകാലം പൂർത്തിയാക്കി ഒരുശോസഭയുടെ ചട്ടപ്രകാരം സന്ന്യാസവാശ്രമങ്ങൾ അനുഷ്ഠിക്കയുണ്ടായി. ഇതിന്റെ ശേഷം പുണ്യസാംഗോപാംഗത്തിൽ അത്യുത്സാഹത്തോടെ പരിശ്രമിക്കയും അഭിവൃദ്ധിപ്രാപിക്കയും ചെയ്തുവന്നിരുന്നു. ഇതിനാൽ ദൈവത്തിനു അത്യന്തം പ്രസാദിക്കയും ഈയാളുടെ പുണ്യത്തെ പരിശോധിക്കുന്നതിനും ഏറ്റമേറ്റം വിശുദ്ധീകരിക്കുന്നതിനുമായി പരീക്ഷകളാൽ ഈയാളെ പീഡിപ്പിക്കുന്നു

തിനും പിശാചുക്കൾക്കു അനുമതി നൽകുകയും ചെയ്തു. ഇതിനാൽ ആ ദുഷ്ടാത്മാക്കൾ ക്രൂരം ക്രൂരമായിവന്ന ഈ വിശുദ്ധന്റെ കന്യാവ്രതത്തിനു ഭംഗംവരുത്തുന്നതിലേക്കു എത്രയും ഘോരമായി പരീക്ഷിച്ചിരുന്നു. എത്രയും മോശമായ നിന്ദ്യവചനങ്ങളും ദുഷ്പ്രകരണങ്ങളും ഇദ്ദേഹത്തിന്റെ ബോധത്തിൽ തോന്നിച്ചു ഇടവിടാതെ എത്രയും ഭയങ്കരമായ വിധത്തിൽ ഇദ്ദേഹത്തെ പരീക്ഷിച്ചിരുന്നു. ഒരു ഘോരസമരങ്ങളിൽ അൽഫൊൻസ് ദിവ്യരക്ഷിതാവിനെയും പരിശുദ്ധ മാതാവിനേയും സകല മോക്ഷവാസികളേയും സഹായത്തിനു വിളിച്ചിരുന്നു. എന്നാൽ തന്റെ പ്രാർത്ഥനകളെ കൈക്കൊള്ളുന്നതിനു ആരും ഇല്ലാത്തപ്രകാരം തോന്നിയിരുന്നു. എങ്കിലും ഭയാപഹനായ സർവ്വേശ്വരൻ തന്റെ വിശ്വസ്തദാസന്റെ നെടുവീർപ്പുകളെ ചെവിക്കൊള്ളാതിരുന്നില്ലാ. എന്തെന്നാൽ ഇത്ര ഭയങ്കരമായ പോരാട്ടത്തിൽ ഇയാൾക്കു യാതൊരു ഉപദ്രവവും വരാതെ ഇരിക്കുന്നതിനു ഇവയെല്ലാം ദൈവസ്നേഹത്തെക്കുറിച്ചു തള്ളി ജയിക്കാൻ തക്കവണ്ണം ധാരാളമായ മനഃധൈര്യവും വരപ്രസാദവും നൽകിയിരുന്നു. ഇതിനാൽ ഇപ്രകാരമുള്ള നരകരന്ത്രങ്ങൾ ദൈവചിത്തത്തിൻപ്രകാരം വരുന്നതാണെന്നു പൂർണ്ണമായിബോധിച്ചു അങ്ങേപേരിൽ തന്റെ ശരണം മുഴുവനും വച്ചുകൊണ്ടു ആ ദുഷ്ടശത്രുക്കളെനോക്കി ഇപ്രകാരം പറഞ്ഞിരുന്നു; നരകഭ്രതങ്ങളെ! നിസ്സാരനും നിർഭാഗ്യപ്പെട്ടവനുമായ എന്നോടു യുദ്ധം ചെയ്യുന്നതിനു നിങ്ങൾ ഇത്രവളരെ ആളുകൾ കൂട്ടമായി വന്നിരിക്കുന്നുവല്ലൊ. ഞാൻ ഏകനും ബലഹീനനുമാണെങ്കിലും സംപൂജ്യമായ ഒരുശോയുടെ തിരുനാമത്തിന്റെ ഉച്ചാരണത്തൽ തന്നെ നിങ്ങൾ സകലരേയും തോല്പിച്ചു ഓടിക്കുന്നതിനു എനിക്കു കഴിയും,, ഇപ്രകാരം കേട്ട ക്ഷണത്തിൽ നരകസേനകൾ ഒന്നിയായി ഭയപ്പെട്ടു ഓടിപ്പോകയുണ്ടായി. അനന്തരം കർത്താവിനു ഉപകാരസ്തുതിചെയ്തു ഇപ്രകാരം പറഞ്ഞു "ദിവ്യ ഈശോയെ! ഈ വിജയം എന്റെതല്ല പിന്നെയോ നിന്റെതത്രെ, നീ വഴിയായി എന്റെ ബലഹീനത ജയം പ്രാപിക്കും. ഊഴിയുണ്ടായ്മാവിന്റെ കന്യാവ്രതത്തെ ഭംഗപ്പെടുത്തുന്നതിനായി നടന്ന ഭയങ്കരയുദ്ധം ഏഴു വർഷകാലത്തോളം നീണ്ടുനിന്നു. എന്നാൽ ഈ യുദ്ധം എത്രഘോരമായിരുന്നു എന്നു ഗ്രഹിക്കുന്നതിനു അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ താഴെചേർക്കുന്നു. "സഹിക്കുവാഹിയാത്ത ആ സമരങ്ങളുടെഘോരതയും ഭയങ്കരത്വവും എന്റെ നാവുകൊണ്ടു പറഞ്ഞറിയിക്കുന്നതു സാദ്ധ്യമല്ല. ദൈവം തന്നെ ആ ദുഷ്ടശത്രുക്കളുടെ ആക്രമണത്തെ തടുത്തുനിർത്തിയില്ലായിരുന്നു എങ്കിൽ അനേകപ്രാവശ്യം എനിക്കു ജീവഹാനിനേരിടുമായിരുന്നു എന്നതിനു സംശയമില്ല. എന്തെന്നാൽ അപ്പോഴപ്പോൾ എനിക്കു ഒരാശ്വാസം കിട്ടുന്നതിനായി അവരുടെ എതിർപ്പിനെ നിറുത്തിവെക്കണമെന്നു അങ്ങുന്നു ആജ്ഞാപിച്ചിരിക്കുന്നു" ഇപ്രകാരം നരകശത്രുക്കൾ സപ്രയത്നത്തോടെ വിട്ടുമാറിനിന്നിരുന്നെങ്കിലും അയാളുടെ ക്രൂശിലില്ലാത്ത ധൈര്യം നിമിത്തം അവർ തോറ്റു ലജ്ജിച്ചശേഷം വീണ്ടും കോപവെറികൊണ്ട നായികളെപ്പോലെ ഉഗ്രമേറിയ പോരാട്ടത്തിനു തീവ്രമായി അടുത്തുവന്നിരുന്നു. ഒരു ദിവസം ഈയാളുടെ വീരശൂര്യം സഹിക്കുവാഹിയാഞ്ഞിട്ടു കോപാക്രാന്തന്മാരായി അർദ്ധരാത്രി സമയം അയാളെ ആക്രമിച്ചു എങ്ങിനെയെങ്കിലും വിജയം പ്രാപിക്കണമെന്നു നിശ്ചയിച്ചു. ഇതു ദൈവകൃപയാൽ അൽഫൊൻസ് മുൻകൂട്ടി അറിഞ്ഞു പരിശുദ്ധ മറിയത്തേയും ശേഷം മദ്ധ്യസ്ഥന്മാരേയും നോക്കി പ്രാർത്ഥിച്ചതായതു. പരിശുദ്ധ കന്യസ്ത്രീമാതാവെ! എന്റെ കാവൽക്കാരായ പുണ്യവാന്മാരെ! പരലോകസേനകളെ! ഇതാ ഞാൻ നിങ്ങളുടെ സംകേതത്തിൽ ഓടിവരുന്നു. എന്റെ സ്നേഹകർത്താവിനു വിരോധമായി അല്പപാപമെങ്കിലും ചെയ്യുന്നതിനെക്കാൾ നരകവേദനകൾ സമസ്തവും ഞാൻ തന്നെ സഹിക്കേണ്ടിവന്നിരുന്നാലും അവയൊക്കയും അനുഭവിക്കുന്നതിനു ഞാൻ തയ്യാറാണു്. എന്നാൽ എന്റെ ഹൃദയം മാത്രം അല്പമെങ്കിലു, മാലിന്യപ്പെടാതെ

നിങ്ങൾ ദയവായി കാത്തുകൊള്ളുന്നതിനു നിങ്ങളോട് ഞാൻ സാദ്ധ്യമായി അപേക്ഷിക്കുന്നു." ഇതിന്റെശേഷം ശത്രുക്കളുടെ ആക്രമണത്തെ ശാന്തതയോടെ പാത്തുകൊണ്ടിരുന്നു.

൪ കൊരി. ൨. ൫

പരസ്നേഹം.

(തുടർച്ച)

൨. പരസ്നേഹ കല്പന വളരെ ഗൌരവമായതാണ്. എങ്ങിനെയെന്നാൽ ഇതിനെ ആചരിക്കാത്തവനു നിത്യമരണത്തെയാണ് ശിക്ഷയായി നിശ്ചയിച്ചിരിക്കുന്നത്. പരസ്നേഹോപദേഷ്ടാവായ വി. യോഹന്നാൻ വഴിയായി- (ലെ. ക അ. നു. വ. ക്ഷ.) പരസ്നേഹമില്ലാത്തവൻ മരണത്തിൽ വസിക്കുന്നു എന്നരുളിച്ചെയ്തിരിക്കുന്ന വാക്യത്തെപ്പറ്റി വേദപാരഗനായ വി. ആഗുസ്തീനോസ് വ്യാഖ്യാനിക്കുന്നതു കേൾക്കുക. അയൽക്കാരനെ സ്നേഹിക്കാത്തവൻ ഘനപാപത്താൽ മുറിവേറ്റിരിക്കുന്നതുകൂടാതെ, അവന്റെ ഹൃദയത്തിൽ സകല പാപങ്ങളുടെയേതും ഉറഞ്ഞിയിരിക്കുന്നു. ഇതിൽ നിന്നുമാനിക്കേണ്ടതു, ചത്തമനുഷ്യൻ യാതൊരു ജീവപ്രവൃത്തിക്കു അശക്തനായിരിക്കുന്നതുപോലെ, പരസ്നേഹമില്ലാത്തവൻ മോക്ഷപ്രാപ്തിക്കു യോഗ്യമായയാതൊരു സൽക്രിയയും ചെയ്വാൻ അശക്തനാകുന്നു എന്നാണ്.

പൂജദൈവാരാധനക്രിയകളിൽ അഗ്രഗണ്യമാണെങ്കിലും, പരസ്നേഹരഹിതരായിരിക്കുന്നവർ അതിനെ സമർപ്പിച്ചാൽ ദൈവസന്നിധിയിൽ സ്വീകാര്യയാകുന്നില്ല. ഇതിനാൽ ദിവ്യഗുരു, നീ ബലിസമർപ്പിക്കുവാൻ പീഠത്തിനടുക്കയിൽ, നിന്റെ സഹോദരൻ നിന്നെ നേരെ രസക്ഷയമായിരിക്കുന്നെന്നു ഓർമ്മവന്നാൽ, പീഠത്തിൻമുമ്പാകെ നിന്റെ ബലി സാധനംവെച്ചു നീ പോയി ആദ്യം തന്നെ നിന്റെ സഹോദരനോടു സമാധാനപ്പെട്ടശേഷം വന്നു നിന്റെ ബലിയെ സമർപ്പിക്കുക. (മത്താ. ൫. ൨൪) എന്നാജ്ഞാപിച്ചിരിക്കുന്നു. ഇതിനാൽ സഹോദരസ്നേഹരാഹിത്യം നിമിത്തം ചത്തശവത്തിനു തുല്യനായിരിക്കുന്നവൻ സമർപ്പിക്കുന്ന ബലി ദൈവത്തിനു പ്രസാദിക്കയില്ലെന്നു വ്യക്തമാകുന്നു. വാസ്തവത്തിൽ പരസ്നേഹമെന്നീബലി മറ്റേതു ബലിയേക്കാളും ഹോമത്തേക്കാളും ദൈവനേത്രങ്ങൾക്കു പ്രസാദജനകമാണെന്നു സമ്മതിച്ചേകഴിയൂ. ഈ സത്യം നല്ലപോലെ മനസ്സിലാക്കിയിരുന്ന സുവിശേഷത്തിലെ ശാസ്ത്രി (മർക്കോ. ക്ഛ. നു. നു. നു൪.) തന്നെപ്പോലെ അയല്ക്കാരനെ സ്നേഹിക്കുന്നതു സകല ദഹനബലികളേക്കാളും പൂജകളെക്കാളും ഉന്നതമായിരിക്കുന്നുയെന്നു ദിവ്യരക്ഷിതാവിനോടു നിഷ്കപടതയോടെ മറുപടി പറഞ്ഞപ്പോൾ, അവൻ കാര്യം മനസ്സിലാക്കി ഉത്തരമുവെന്നുകണ്ടു ദിവ്യരക്ഷകൻ തൃപ്തിപ്പെട്ടു, നീ ദൈവരാജിതത്തിൽ നിന്നകന്നല്ലായിരിക്കുന്നതു എന്നു മറുപടി കല്പിച്ചരുളി.

ഈ സത്യത്തെ ദൃഷ്ടാന്തീകരിക്കുന്നതിനു തക്കതായ ഒരു സംഭവം തോമ്മാ കേമ്പിസു എഴുതിയിരിക്കുന്നു. ഒരു ബാലൻ പൂജസമയം ദിവ്യഅപ്പത്തെ സൂക്ഷിച്ചു നോക്കിയപ്പോൾ, കുമ്പൊൻപാടില്ലാഞ്ഞതിനാൽ, അതു കണ്ണിലെ വല്ല അസുഖം കൊണ്ടോ, സ്ഥലത്തിന്റെ അകലംകൊണ്ടോ ആയിരിക്കുമെന്നു വിചാരിച്ചു, പിന്നത്തെ നന്നാ അടുത്തുനിന്നു നോക്കി; കുമ്പൊൻസാധിച്ചില്ല. ഈ അപൂർവ്വസംഭവം രണ്ടു വർഷത്തോളം ദീർഘിച്ചു; ഇവനു തൻമൂലം വലിയ വ്യസനവും പകപ്പും തോന്നി. ഇതിന്റെ കാരണം അറിയുന്നതിനായി നല്ല പുണ്യവും പരിപൂർണ്ണമുള്ള ഒരു പട്ടക്കാരന്റെ പക്കൽചെന്നു ഈ വിവരം അറിയിച്ചു, അദ്ദേഹം ഈ അപൂർവ്വസംഭവം കേട്ടാശ്ചര്യപ്പെട്ടു ഇവന്റെ ആത്മാവസ്ഥയെപ്പറ്റി നല്ലപോലെ പരിശോധനചെയ്യുതിൽ, അവന്റെ ഹൃദയത്തിൽ അയല്ക്കാരിൽ ഒരുത്തന്റെനേരെ പകയുണ്ടായിരിക്കുന്നുവെന്നും അവനോടു രമ്യമാകുവാൻ കൂട്ടാക്കാത്തകാലം മുതലാണെ ഈ അന്ധത അവനു വന്നുകൂടിയതെന്നും ഗ്ര

ഹിച്ച്, അവനോട അദ്ദേഹം "എന്റെ മകനെ! നിന്റെ അയൽക്കാരന്റെനേരെയുള്ള ദോഷം നിമിത്തമാണ് ദിവ്യ അപ്പം കാണ്മാൻ സാധിക്കാഞ്ഞതെന്നും, ഈ ദോഷം നീക്കാഞ്ഞാൽ, തന്റെ പൂജയിൽ നിനക്ക ഓഹരി ഉണ്ടാകയില്ലെന്നും നിന്നെ ഗ്രഹിപ്പിപ്പാൻ താൻ ചിത്തമായിരിക്കുന്നു,, എന്നുപറഞ്ഞു. ഉടൻ ആ ബാലൻ തന്റെ തെറ്റുഗ്രഹിച്ച്, തന്റെ ശത്രുവിനോടുണ്ടായിരുന്ന ദോഷം ഹൃദയത്തിൽനിന്നശേഷം മൂലഛേദനം ചെയ്യ്, പാപോച്ചാരണംചെയ്യ. പാപമോചനം പ്രാപിച്ചിട്ട് ദിവ്യ പൂജകാണ്മാനായി ചെന്നു മുട്ടുകുത്തി സൂക്ഷിച്ചപ്പോൾ, ദിവ്യ അപ്പത്തെ തെളിവായികണ്ടതിനാൽ, സംതൃപ്തനായി. ഈ സംഭവത്താൽ ന. ദിവ്യരക്ഷകൻ പരസ്നേഹസ്വഭാവമുള്ളവൻ പൂജസമർപ്പിക്കയൊ കുമ്പിടുകയൊ ചെയ്യുന്നതു നിഷ്പ്രയോജനമാകുന്നെന്നും ബലിദാനങ്ങളെക്കാൾ പരസ്നേഹത്തെ താൻ സ്നേഹിക്കുന്നെന്നും അവനേയും നമ്മേയും പഠിപ്പിക്കുവാൻ ചിത്തമായി.

പൂജയെക്കുറിച്ചു പറഞ്ഞതു പോലെ തന്നെ മറ്റു സകല സുകൃതങ്ങളെപറ്റിയും പറയാവുന്നതാണ്. കാരണം വി. വേദപാരഗനായ ശ്രീഗോരിയോസു പഠിപ്പിക്കുന്നതുപോലെ ഈ സ്നേഹം ക്രിസ്തീയപുണ്യജീവിതത്തിൽ സകല സൽപ്രവൃത്തികളുടെയും മൂലമായിരിക്കുന്നു. വേദപാരഗരിൽ അദ്വിതീയനായ വി. അഗുസ്തീനോസ് പരസ്നേഹരാഹിത്യത്തിൽ സകല തിന്മകളുടേയും മൂലത്തെ സ്ഥാപിക്കുന്നു. ഇതിനെ വിശദീകരിക്കുന്നതിന്നായി ഇദ്ദേഹം എടുത്തുകാണിക്കുന്ന ഒരുപമ കേൾപ്പിൻ. സൽകൃത്യങ്ങൾ, തളിർക്കുന്ന ഒരു വൃക്ഷത്തിന്റെ ശാഖകൾക്കു തുല്യമാകുന്നു. ശാഖകൾ തടിയിൽനിന്നുല്പാദിക്കുന്നപോലെ, നമ്മുടെ സൽകൃത്യങ്ങൾ ദൈവസ്നേഹത്തിൽനിന്നുല്പാദിക്കുന്നു തടിയിൽനിന്നു ശാഖകൾ ഛേദിച്ചു മാറ്റുന്നതായാൽ, നീരുകിട്ടാതെ, അവ വാടിപ്പോകുന്നതുപോലെ, നമ്മുടെ സൽകൃത്യങ്ങൾ സ്നേഹരഹിതങ്ങളായാൽ നിത്യായുസ്സിനുള്ള യോഗ്യതാശ്രുന്യങ്ങളും നിഷ്ഫലങ്ങളുമായിരിക്കും. ഇവിടെ വി. അഗുസ്തീനോസു ദൈവസ്നേഹത്തെക്കുറിച്ചാണ് മുഖ്യമായി വാദിക്കുന്നതെങ്കിലും, ദൈവസ്നേഹം, സഹോദരസ്നേഹത്തിൽനിന്നു വേർതിരിച്ചുകൂടാത്തതാകയാൽ തന്റെ ഈ ന്യായോക്തിയും സാമ്യവും പരസ്നേഹത്തിന്നും യോജ്യമാണ്. ആകയാൽ പരസ്നേഹകല്പന ഏതു ഗൌരവമായതെന്നും അതിനെ ലംഘിക്കുന്നവൻ ആത്മമരണപ്രാപ്യനാകുന്നു എന്നും വായനക്കാർക്കു നിഷ്പ്രയാസേന ഗ്രഹിക്കാവുന്നതാണ്.

ആകയാൽ നാം നമ്മുടെ സമസ്തഷ്ടികളും തന്നിമിത്തം മോക്ഷഭാഗ്യത്തിന്നു സമവകാശികളുമായിരിക്കുന്ന നമ്മുടെ അയല്പക്കാരെ ദൈവത്തിലും ദൈവത്തെക്കുറിച്ചും നമ്മേപ്പോലെസ്നേഹിക്കുന്നോയെന്നു ശ്രദ്ധാപൂർവ്വം ആലോചിച്ച്, ഈ ഗൌരവതരമായ ദൈവകല്പനയെ നിവൃത്തിക്കുന്നതിൽ കാണുന്ന ന്യൂനതകളെ അതിവേഗത്തിൽ ദൂരീകരിക്കേണ്ടിയിരിക്കുന്നു.

(തുടരും.)

.ച.ക.ഉ

വന്ദ്യകൊച്ചുത്രേസ്യായുടെ ചരിത്രസംക്ഷേപം.

ഞാൻ കാലത്തു എഴുനേറ്റുടനെ മുട്ടുകുത്തി, എന്റെ സഹോദരികളോടൊരുമിച്ചു ഉഷ:കാലജപം ചൊല്ലിയശേഷം പൌലീനിന്റെ (കൊച്ചുത്രേസ്യായുടെ ഒരു ജ്യേഷ്ഠത്തി) നെതൃത്വത്തിൻകീഴ വായിക്കുവാൻ അഭ്യസിച്ചിരുന്നു. സപ്തം എന്നുള്ള വാക്കാണ് ഒന്നാമതായി എനിക്കു തനിയെ വായ്പാൻ സാധിച്ചതു്. ഉച്ചകഴിഞ്ഞു അപ്പനോടുകൂടെ നടക്കാൻ പോയിരുന്നപ്പോഴൊക്കെയും ഞങ്ങൾ ഏതെങ്കിലും ഒരു ദേവാലയത്തിൽ പ്രവേശിച്ചു പ. ദിവ്യകാരുണ്യത്തെ സന്ദർശിക്കുമതിവായിരുന്നു. ഇപ്രകാരമാണ് ഒന്നാമതായി കർമ്മലീത്താ കന്യകകളുടെ കപ്പേള കാണുന്നതിനു സംഗതിയായതു്. അവിടെവച്ചു അപ്പൻ എന്നോടു "ഇതാ ആ വലി

യ അഴികൾക്കകത്തു, ദൈവത്തോട്ട എല്ലായ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന അനേകം പരിശുദ്ധ കന്യകകൾ വസിക്കുന്നുണ്ട്" എന്നു പറഞ്ഞു. എന്നാൽ ഒരു കാലത്തു ഞാനും അവരുടെ ഗണത്തിൽ സ്വീകരിക്കപ്പെട്ടുമെന്നു ഞാനപ്പോൾ ഒട്ടും തന്നെ വിചാരിച്ചില്ല.

വീട്ടിൽ മടങ്ങിവന്നശേഷം, വിണ്ടും കുറെനേരത്തേക്കു എന്റെ പാഠങ്ങളെ പഠിച്ചിട്ടു ശേഷമുള്ള സമയം തോട്ടത്തിൽ അപ്പന്റെ അരികെ കളിച്ചിരുന്നു. സാധാരണമായി ഈ സമയത്തെ എന്റെ ജോലി, തോട്ടത്തിലെ ഒരു ഭിത്തിയിലുണ്ടായിരുന്ന ദ്വാരങ്ങളിൽ ചെറിയ പിണ്ഡങ്ങളുണ്ടാക്കി പുഷ്പങ്ങളാലതിനെ അലങ്കരിക്കുകയായിരുന്നു. ചില ദിവസങ്ങളിൽ അപ്പനോട്ടുകൂടെ മത്സ്യങ്ങളെ പിടിക്കുന്നതിനുപോയിട്ടുണ്ട്. അപ്പോൾ ഞാൻ സാധാരണമായി വല്ല പുൽത്തകിടിപ്പുറത്തും ഇരുന്നുകൊണ്ടു ചിന്തിക്കയിൽ, ധ്യാനമെന്തെന്നു അറിയാതെതന്നെ അതിൽ നിമഗ്നയായിപോയിരുന്നു വിശേഷിച്ചു് വൃക്ഷങ്ങളിന്മേൽ അടിച്ചിട്ടുണ്ടാകുന്ന കാറ്റിന്റെ സ്വരവും സമീപെയുള്ള ഒരു ഗ്രാമത്തിലെ ബാന്റിന്റെ രാഗവും എന്നിപ്രകാരമുള്ളവ ശ്രദ്ധിക്കയിൽ, ഈലോകമൊരു പരദേശമായി തോന്നി സ്വർഗ്ഗത്തിലേക്കു എന്റെ ചിന്തനകൾ എല്ലാം ആകർഷിക്കപ്പെട്ടുപോയിരുന്നു.

അപ്പനോട്ടുകൂടെ നടക്കാൻപോയിരുന്നപ്പോളൊക്കെയും ഞാൻ ഭിക്ഷക്കാർക്കു വല്ല ധർമ്മവും കൊടുക്കുക പതിവായിരുന്നു. ഒരിക്കൽ ദീനക്കാരനായ ഒരു ദരിദ്രനെകണ്ടു, ഒരു പെനി അവനു കൊടുപ്പാനായി അടുത്തുചെന്നു. എന്നാൽ അയാൾ വ്യസനഭാവത്തിൽ എന്നെകുറെനേരം സൂക്ഷിച്ചുനോക്കീട്ടു്, തല കുലുക്കി എന്റെ സല്ലുദ്ദാനത്തെ തിരസ്കരിച്ചുകളഞ്ഞു. അപ്പോൾ എന്നിലുണ്ടായ വികാരം എന്തെന്നു പറയാൻ വഹ്യയാ. എന്നാൽ ഉടനെതന്നെ അപ്പൻ എനിക്കു ഒരപ്പം വാങ്ങിച്ചുതന്നു. അതെങ്കിലുമയാൾക്കു ഇഷ്ടമാകുമെന്നുകരുതി, അയാളുടെ പിറകെ ഓടി, എങ്കിലും അതിനെ കൊടുപ്പാൻ എനിക്കു സാധിച്ചില്ല. അപ്പോൾഒരുവൻതന്റെആദ്യത്തെദിവ്യകാരുണ്യസ്വീകരണാവസരത്തിൽ അപേക്ഷിക്കുന്നതെല്ലാം സംശയമെന്യ ലഭിക്കും എന്നു കേട്ടിട്ടുള്ളതിനെ ഓർത്തു ആ ഭാഗ്യാവസരത്തിൽ ഈ പാവപ്പെട്ടവനു വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നുണ്ടെന്നു പ്രതിജ്ഞചെയ്തു അഞ്ചു വർഷത്തിന്റെശേഷം അതിനെ നിറവേറ്റുകയും ചെയ്തു.

എന്റെ പ്രായാധിക്യത്തെ അനുസരിച്ചു ദൈവസ്നേഹവും എന്നിൽ വർദ്ധിച്ചു വന്നിരുന്നു. അമ്മ എന്നെ പഠിപ്പിച്ചിരുന്ന വാക്കുകളെ ഉപയോഗിച്ചുകൊണ്ടു പലപ്പോഴും എന്റെ ഹൃദയത്തെ ദൈവത്തിനു ഞാൻ സമർപ്പിച്ചിരുന്നു. വിശേഷിച്ചും എന്റെ എല്ലാ കൃത്യങ്ങളിലും ദൈവത്തെ സന്തോഷിപ്പിക്കുന്നതിനും, തനിക്കു രസക്ഷയമായിരിക്കുന്നേ യാതൊന്നും ചെയ്യാതിരിക്കുന്നതിനും ഞാനത്യന്തം ശ്രമിച്ചിരുന്നു. എങ്കിലും ഒരിക്കൽ ഒരു കുറ്റം ഞാൻ ചെയ്തുപോയി. എന്തെന്നാൽ മുമ്പെ ഇടവമാസത്തിൽ പരിശുദ്ധ ദേവമാതാവിന്റെ വണക്കമാസം കൊണ്ടാടുന്നതിനായി എന്റെ സഹോദരികൾ പള്ളിയിൽ പോകയിൽ, എന്റെ ചെറുപ്രായം നിമിത്തം, എന്നെ കൊണ്ടുപോയിരുന്നില്ല. ആയതിനാൽ ഞാൻ വീട്ടിൽ സ്വന്ത ഇഷ്ടാനുസരണം അലങ്കരിച്ചുണ്ടാക്കിയ ഒരു പീഠത്തിൻമുമ്പാകെ വളർത്തമ്മ, ശുശ്രൂഷക്കാരത്തി മുതലായവരോടുകൂടെ നമസ്കരിച്ചിരുന്നു.

ഒരുദിവസം പതിവനുസരിച്ചു പ്രാർത്ഥന ആരംഭിക്കയിൽ, വിക്ടോറെ എന്ന ശുശ്രൂഷക്കാരത്തിയോട്ട "നീ എത്രയും ദയയുള്ള മാതാവെ എന്ന നമസ്കാരം തുടങ്ങുക; ഞാൻ തിരികത്തിക്കാ"മെന്നു പറഞ്ഞു് അങ്ങിനെ ചെയ്തു. അവളോയെന്നാൽ ആ നമസ്കാരം ആരംഭിച്ചിട്ടുടനെ ചിരിപ്പാൻ തുടങ്ങി. എന്റെ മെഴുകുതിരികൾ കത്തി എരിഞ്ഞുപോകുന്നതിനെക്കണ്ടു വ്യസനിച്ചു ആ നമസ്കാരം ചൊല്ലുവാൻ വീണ്ടും അവളെ ഞാനോർപ്പിച്ചു. എന്നാറെയും അവൾ നമസ്കരിക്കാതെ ചിരിച്ചുകൊണ്ടുതന്നെയിരുന്നു. ഇതു കണ്ടപ്പോൾ എന്റെ നല്ല സ്വഭാവമെല്ലാം എന്നിൽനിന്നുമാറി ഞാ

ൻ അധികമായി കോപിച്ചു "ഇതെന്താ വികൃതി 'വിക്ടോറേ' എന്നുപറഞ്ഞു നിലത്തു കാലുകൊണ്ടു രണ്ടു മൂന്നു ചവുട്ടി. ഉടനെ അവൾ ചിരിനഗുത്തി മടിയിൽ ഒളിച്ചുവച്ചിരുന്ന രണ്ടു മെഴുകുതിരികളെ എടുത്തുകാണിച്ചു. അതു കണ്ടതിനോടെ എന്റെ അരിശമെല്ലാം മന്ദസ്മാപമായി പകൻ, എന്റെ പ്രവൃത്തിയിന്മേൽ അധികമായ ദുഃഖവും ലജ്ജയും എനിക്കുതോന്നി, എന്നുമാത്രമല്ല മേലാൽ ഇതിനെ ഒരിക്കലും പ്രവൃത്തിക്കയില്ലെന്നു ഞാനപ്പോൾ പ്രതിജ്ഞചെയ്കയും ചെയ്തു.

ഫ. ൨. ൧൯൫

വത്തിക്കാൻ അരമനയിൽനിന്നും
പ്രസിദ്ധികരിക്കപ്പെട്ട ഒരു
ദെക്രേത്ത്.

നമ്മുടെ പരിശുദ്ധ പിതാവു ൧൭-ാം ബനടിക്തൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു്, അനേകായിരം യൌവനസ്ത്രീവനെ സംഹരിക്കുന്നതും, കുടുംബങ്ങൾക്കും പട്ടണങ്ങൾക്കും കഷ്ടപ്പാടുള്ളവാക്കുന്നതും, അഭിവൃദ്ധിയിലിരിക്കുന്ന രാജ്യങ്ങളെ ശ്മശാനമാക്കി തീർക്കുന്നതുമായ, ഇപ്പോഴത്തെ യുദ്ധത്തിന്റെ കാഴ്ചയിൽ ദുഃഖിതനായിരിക്കുന്നു. എങ്കിലും, ശിക്ഷിച്ചുകൊണ്ടു സുഖപ്പെടുത്തുകയും, മാപ്പുകൊടുത്തുകൊണ്ടു പരിപാലനം ചെയ്കയും ചെയ്യുന്നതു് തന്റെ ഒരു വിശേഷഗുണമായിരിക്കുന്ന സർവ്വശക്തനായ ദൈവം, താഴ്മയും മനസ്താപവുമുള്ളവരുടെ പ്രാർത്ഥനയാൽ ആർദ്രചിത്തനാകുന്നു എന്നു ഓർത്തുകൊണ്ടു്, ഒരേ അഭിപ്രായവും ഒരേ മനസ്സും ഐക്യമായി മനുഷ്യഹൃദയങ്ങളെ സംഘടിപ്പിക്കുന്നതിനു ഉപകരിക്കുന്ന, ഏകമാദ്ധ്യമായ വിശ്വാസത്തിന്റെയും ശരണത്തിന്റെയും ഉപവിയുടെയും സ്വരം, ആയുധങ്ങളുടെ ധ്വനിക്കു മേൽപെട്ടു നിൽക്കേണമെന്നു് അവിടുന്നു് അത്യുത്സാഹത്തോടെ ആഗ്രഹിക്കുന്നു. അതുകയാൽ ദൈവത്തിന്റെ നീതികോപത്തെ നമ്മുടെ മേൽ നാം തന്നെ വരുത്തുന്നതിനു കാരണമായ പാപങ്ങളുടെ പരിഹാരത്തിനായി, ഭൈദികരും മറ്റു വിശ്വാസികളും പ്രായശ്ചിത്ത പ്രവൃത്തികളും മറ്റു ഭക്തകൃത്യങ്ങളും അനുഷ്ഠിക്കേണമെന്നു തിരുമനസ്സുകൊണ്ടു ഉപദേശിക്കയും, സകലരും ആഗ്രഹിക്കുന്ന സമാധാനം സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം മൂലം പ്രാപിക്കുന്നതിനായിട്ടു കത്തോലിക്കാലോകം മുഴുവനിലും പ്രത്യേക പ്രാർത്ഥനകൾ നടത്തേണ്ടതാണെന്നു നിശ്ചയിക്കയും ചെയ്തിരിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടി നിശ്ചയിക്കുന്നതെന്തെന്നാൽ:— അതിമെത്രാസനപ്പള്ളി, മെത്രാസനപ്പള്ളി, ഇടവകപ്പള്ളി, കൊന്തപ്പള്ളി ഇവകളിലെല്ലാം താഴെ കാണുന്ന വിധത്തിൽ പ്രത്യേക ഭക്തകൃത്യങ്ങൾ അടുത്ത ഫെബ്രുവരിമാസം ൬൦നു- (Sexagesima Sunday) യൂറോപ്പിലുള്ള എല്ലാ രാജ്യങ്ങളിലും, മാർച്ച് മാസം ൨൬നു- (Passion Sunday) യൂറോപ്പിലുള്ള എല്ലാ രാജ്യങ്ങളിലും നടത്തികൊള്ളണം.

കാലത്തു പൊതുകുർബ്ബാന (Conventual or Parochial Mass) കഴിഞ്ഞതിന്റെശേഷം, ദിവ്യകാരുണ്യം അത്യുച്ചസ്വരത്തിൽ ഏഴുന്നള്ളിച്ചുവച്ചു് ക്രമപ്രകാരം ധൂപിക്കണം. അതിന്റെ ശേഷം 'Miserere mei Deus' എന്ന ൫൧-ാം സങ്കീർത്തനവും "Da Pacem, Domine, in diebus nostris, quia non est alius qui pugnet pro nobis nisi tu Deus noster" (കർത്താവേ! ഞങ്ങളുടെ ഈ ദിവസത്തിൽ സമാധാനത്തെ തരിക, എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ ദൈവമായ നീ അല്ലാതെ ഞങ്ങൾക്കുവേണ്ടി യുദ്ധംചെയ്യുന്നതായി മറ്റാരുമില്ല.) എന്ന ജപവും (Antiphon) പിന്നീടു് Fiat pax in virtute tua – Et abundantia in turribustuis നിന്റെ ശക്തിയാലെ സമാധാനമുണ്ടാകട്ടെ, നിന്റെ ഗോപുരങ്ങളിൽ സമ്പൽസമൃദ്ധിയും ഉണ്ടാകട്ടെ എന്നും അതിനെതുടർന്നു Deus a quo sancta desideria എന്ന ജപവും പാടണം.

ദിവ്യകാരുണ്യം സന്ധ്യവരെ എഴു

ന്നള്ളിച്ചു വയ്ക്കണം. പൊതു ആരാധനയിൽ കൂട്ടുകൽക്കുതക്ക ഒരു ഭാഗം കൊടുക്കുന്നതിനു വേണ്ടി എടുപ്പാട് ചെയ്യുന്നതു നന്നായിരിക്കും.

സന്ധ്യക്ക് ദിവ്യകാരുണ്യം സക്രാരിയിൽ സൂക്ഷിക്കുന്നതിനു മുമ്പായി ഒരു ഒന്നാമണിജപം ചൊല്ലുകയും അനന്തരം സമാധാനലബ്ധിക്കായി പരിശുദ്ധ പിതാവിനാൽ തന്നെ നിർമ്മിതമായ താഴെ ചേർത്തിരിക്കുന്ന ജപവും ചൊല്ലേണ്ടതാണ്. ഇതിനെ തുടർന്ന് കർമ്മലെ 'റിത്തുചാലെ റൊമാനും' എന്ന പള്ളിക്രമ പുസ്തകത്തിൽ കാണുന്ന പ്രകാരം, രാമണി ആരാധനയ്ക്കു നിശ്ചയിക്കപ്പെട്ടിരിക്കുന്ന വിധത്തിൽ സകല വിശുദ്ധന്മാരുടെ ലുത്തിനിയായും പാടണം. പിന്നീട് റിത്തുചാലെ റൊമാനും എന്ന പുസ്തകത്തിലുള്ളതും ഏതെങ്കിലും അനുഷ്ഠാനങ്ങളിൽ നടത്തപ്പെടുള്ള പ്രദക്ഷിണത്തിനൊരുശേഷം സാധാരണ കഴിച്ചുവരുന്നതുമായ ജപങ്ങളോടും പ്രാർത്ഥനകളോടും കൂടെ Parce Domine parce populo tuo, ne in aeternum irascaris nobis (നിന്റെ ജനത്തോടു നീ ക്ഷമിക്കേണമെ. കർത്തവെ! നീ എന്നേക്കും ഞങ്ങളോടു കോപിക്കരുതേ.) എന്ന പ്രാർത്ഥനയും Deus a quo sancta desideria എന്നു തുടങ്ങുന്ന പ്രാർത്ഥനയും ചൊല്ലണം. ഒടുവിൽ Tantum ergo എന്ന പാട്ടു പാടി വാഴ്ച കൊടുത്തുകൊണ്ടു ക്രമപ്രകാരം ഈ ഭക്തകൃത്യം അവസാനിപ്പിക്കണം.

വിശ്വാസികളെല്ലാരും പാപസങ്കീർത്തനം കഴിച്ചു ദിവ്യകാരുണ്യം ഉൾക്കൊള്ളേണമെന്നും, സർവ്വശക്തനായ ദൈവം തന്റെ വരപ്രസാദത്തെ ധാരാളമായി ചിന്തുമെന്നുള്ള ശരണത്തോടുകൂടെ, നമ്മുടെ പരിശുദ്ധ പിതാവു് ഉപദേശിക്കയും കല്പനയാക്കുകയും ചെയ്തിരിക്കുന്നു.

പീറ്റർ കാർഡിനൽ ഗസ്പാരി,
സ്റ്റേറ്റു സെക്രട്ടറി.

വത്തിക്കാനരമനയിൽ നിന്നു,
ഫൻറ്റെ ജനുവരി ൧൦.

പ്രാർത്ഥന.

ഓ! ഈശോയെ! ജനങ്ങൾക്കും ജാതികൾക്കും നാശം വരുത്തുന്ന ഭയങ്കര യുദ്ധം നിമിത്തം വ്യസനിച്ചുകൊണ്ടു ഞങ്ങളുടെ അന്ത്യശരണമായ അങ്ങേ എതൃയും വാത്സല്യമുള്ള തിരുഹൃദയത്തിൻ പക്കൽ ഞങ്ങൾ ഈ ഭയം പ്രാപിക്കുന്നു. ദയനിറഞ്ഞ സർവ്വേശ്വരാ! ഭയപ്പെടുത്തുന്ന ഈ ശിക്ഷയെ അവസാനിപ്പിക്കണമെന്നു് നിലവിളിച്ചുകൊണ്ടു് അങ്ങേപ്പക്കൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു. സമാധാനങ്ങളുടെ രാജാവേ! ഞങ്ങൾ ആഗ്രഹിക്കുന്ന സമാധാനത്തെ താഴ്മയോടെ ഞങ്ങൾ അപേക്ഷിച്ചുകൊള്ളുന്നു. മനുഷ്യരുടെയിടയിൽ ഭിന്നിപ്പില്ലാതാകുന്നതിനും സ്നേഹമാത്രം വാഴുന്നതിനും വേണ്ടി നിന്റെ തിരുഹൃദയത്തിൽ നിന്നു് ദിവ്യസ്നേഹത്തെ ലോകത്തിൽ നീ വർഷിച്ചുവല്ലൊ. നീ ഈ ലോകത്തിൽ വസിക്കുമ്പോൾ നിന്റെ ഹൃദയം മനുഷ്യരുടെ സങ്കടങ്ങളിന്മേലുള്ള കരുണയാൽ നിറഞ്ഞിരുന്നു. ജ്വലിക്കുന്ന ദ്വേഷത്താലും രക്തപ്രവാഹത്താലും സംഹാരത്താലും അതിഭയങ്കരമായിരിക്കുന്ന ഈ കാലത്തിൽ, നിന്റെ തിരുഹൃദയം ഞങ്ങളുടെമേലുള്ള കരുണയാൽ ഇപ്പോഴും ഇളകുമാറാകട്ടെ. മക്കളുടെ ദുർഭാഗ്യം നിമിത്തം ദുഃഖിക്കുന്നെ അസംഖ്യം തള്ളമാരോടു ദയയായിരിക്കേണമെ. പിതാക്കന്മാർ ഇല്ലാതായിരിക്കുന്ന കണക്കില്ലാത്ത കുടുംബങ്ങളോടു കരുണയുണ്ടാകേണമെ. ഈ ഭയങ്കര നാശത്തേയും അപകടത്തേയും വഴുത്തിക്കൊണ്ടിരിക്കുന്ന യൂറോപ്പു ദേശങ്ങളോടു കൃപയുള്ളവനാകേണമെ! ഭരണകർത്താക്കളിലും ജനങ്ങളിലും ശാന്തതയുള്ള ആലോചനകളെ

തോന്നിക്കണമെ! ജാതികളെ ഭിന്നിപ്പിക്കുന്ന വിപരീതാഭിപ്രായങ്ങളെ നീക്കുകമാക്കേണമെ! മനുഷ്യർ സഹോദരന്മാരേപ്പോലെ ജീവിക്കുന്നതിനായി വിലമതിയാത്ത രക്തം ചിന്തിയ കർത്താവെ! അവരെ വീണ്ടും സ്നേഹബന്ധത്തിൽ ആക്കിയരുളേണമെ. "കർത്താവെ! ഞങ്ങളെ രക്ഷിക്കുക അല്ലെങ്കിൽ ഞങ്ങൾ നശിച്ചുപോകും." എന്നുള്ള പത്രോസ് ശ്ലീഹായുടെ നിലവിളിയെ ദയയോടെ കൈക്കൊണ്ട് കൊടുങ്കാറ്റു നിറഞ്ഞ ഗലീലത്തെ മുമ്പൊരിക്കൽ ശാന്തമാക്കിയതുപോലെ, ഇപ്പോൾ ഞങ്ങളുടെ മനോവിശ്വാസത്തോടുകൂടിയ പ്രാർത്ഥനയെ കേൾക്കുന്നതിനും ലോകത്തിൽ സമാധാനവും ശാന്തതയും പീണ്ടും സ്ഥാപിക്കുന്നതിനും തിരുമനസ്സാകേണമെ. എല്ലാറ്റിലും പരിശുദ്ധ കന്യകേ! ദുസ്സഹമായ ആപല്ഘട്ടങ്ങളിൽ നീ മുമ്പു ചെയ്തിട്ടുള്ളതു പോലെ, ഇപ്പോഴും ഞങ്ങളുടെ സഹായവും, ആശ്രയവും, പരിരക്ഷയും ആകേണമെ.

ആമ്മേൻ.



തിരുഹൃദയഭക്തന്മാർ

ഫൻഫദ മീനമാസത്തിൽ വെക്കേണ്ട

പൊതുക്കരുതൽ.

മാർ യൌസേപ്പുപിതാവിന്റെ നേർക്കുള്ള ഭക്തി.

ഓരോരുത്തനുമുള്ള തുണിയും മഹത്വവും വെളിപ്പെടുന്നതു് അവനവന്നു് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗത്തിന്റെ ഗൌരവത്തിൽനിന്നും അതിന്റെ ശരിയായ നിർവ്വഹണത്തിൽനിന്നുമാണ്. മാർ യൌസേപ്പുപുണ്യപിതാവു് ക്രിസ്തുവാകുന്ന ശിശുവിന്റെ പ്രതിപുരുഷനായിട്ടും ലോകത്തെ വീണ്ടുരക്ഷിച്ച ഈശോമിശിഹായുടെ പരിരക്ഷകനായിട്ടും മറ്റും നടത്തിയ ജോലിയുടെ മഹത്വത്തിൽനിന്നും ഗൌരവത്തിൽനിന്നും ഈ പുണ്യപിതാവിന്റെ ഔന്നത്യനിലയുടെ ധാരാളം വെളിപ്പെടുന്നുണ്ടു്. ഇപ്പോഴും അവിടന്നു് രണ്ടു ഉദ്യോഗങ്ങൾ, തിരുസഭയുടെ പാലകൻ എന്ന നിലയിലും, സൽമരണത്തിന്റെ മദ്ധ്യസ്ഥൻ എന്ന നിലയിലും നിർവ്വഹിച്ചുപോരുന്നു. ഈ ഉദ്യോഗങ്ങളുടെ മാഹാത്മ്യതയും അവർണ്ണനീയമാണെന്നു പറയാനുള്ളൂ. ഈ ഉദ്യോഗങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന വിശുദ്ധ യൌസേപ്പുപിതാവിന്റെ സാഹായ്യസഹകരണം തിരുസഭയ്ക്കു പൊതുവിലും നമ്മോ ഓരോരുത്തർക്കു പ്രത്യേകിച്ചും എത്രയോ ആവശ്യമായിട്ടാണിരിക്കുന്നതു. തിരുസഭയുടെ ഇപ്പോഴത്തെ സ്ഥിതി ആലോചിച്ചാൽ അവിടത്തെ കടാക്ഷം പ്രത്യേകം വേണ്ടിയിരിക്കുന്നു. അതിന്റെ ശത്രുക്കൾ നാൾക്കുനാൾ വർദ്ധിച്ചു് അതിനെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നതിനും പുറമെ, ഇപ്പോഴത്തെ യൂറോപ്പുയുദ്ധംമൂലവും അതിനു വലിയ നഷ്ടം സഹിക്കേണ്ടതായി വന്നിട്ടുണ്ടു്. വിശ്വാസികളുടെ ആത്മികാവശ്യങ്ങളെ സാധിച്ചുകൊടുക്കാനുള്ള എത്രയോ പട്ടക്കാർ ഇപ്പോൾ പോർക്കളത്തിൽ കിടന്നു മരിക്കുന്നു! ലോകത്തിന്റെ നാനാഭാഗത്തും കത്തോലിക്കാവിശ്വാസം വിരുദ്ധിക്കുന്നതിനുള്ള വിത്തുകളായ എത്രയോ സെമിനാരികൾ യുദ്ധംമൂലം നിന്നുപോയി.

നാമെല്ലാവരുടേയും പരമോദ്ദേശ്യം നിത്യഭാഗ്യം പ്രാപിക്കണമെന്നുള്ളതാണ്. ഈ ഭാഗ്യത്തിലേക്കു കടക്കാനുള്ള ഏകവാതലാണു നല്ലമരണം. നല്ലമരണം പ്രാപിക്കുന്നതിനു മാർ യൌസേപ്പുപിതാവിനോടുള്ള ഭക്തി നിശ്ചയമുള്ള ഒരു മാർഗ്ഗമായിരിക്കുന്നു. ഈവിധ ന്യായങ്ങളാൽ നാമെല്ലാവരും ഈ പിതാവി

ന്റെ പ്രത്യേക ഭക്തരാകുവാൻ ആവശ്യമായിരിക്കുന്നു. ആകയാൽ മാർ യൌസേപ്പു പിതാവിന്റെ നേർക്കുള്ള ഭക്തി വിശ്വാസികളുടെ ഇടയിൽ പൂർവ്വാധികം വർദ്ധിപ്പുവരുന്നതിനായി തിരുഹൃദയ ഭക്തർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിപ്പാറാകണം.

ലോകവർത്തമാനപുരുക്കം.

യുദ്ധം അവസാനിക്കുന്നതുവരെ മാസം രണ്ടായിരം രൂപാ വീതം മാസ്സ് യുദ്ധഫണ്ടിലേക്കു കൊടുക്കുവാൻ തിരുവിതാംകൂർ മഹാരാജാവു നിശ്ചയിച്ചിരിക്കുന്നു.

ശതാബ്ദമഹോത്സവം— കർമ്മലീത്താ സഭയെ നവീകരിച്ച തെരേസ്യാ പുണ്യവതി ക്രി.വ. ൧൫൬൨ മീനം ൨൬-൹ സ്പെയിനിൽ ആവിലാ പട്ടണത്തിൽ ജാതയായി. നാലുശതവർഷം തികയുന്ന ഈ മാസം ൨൬-൹ സ്പെയിൻ രാജ്യം ഒട്ടുക്കു ഒരാഘോഷദിനമായി കൊണ്ടാടിക്കൊള്ളണമെന്ന് ഒരു രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ബൽജിയത്തിലെ കാർഡിനൽ മെർസിയറിനെ ജർമ്മൻകാർ ബന്ധനസ്ഥനാക്കി എന്നു കേട്ടതു വാസ്തവവിരുദ്ധമാണു. ആ ദ്വേഹത്തിന്റെ ഇടയലേഖനം അടിച്ചു പ്രസിദ്ധപ്പെടുത്തിയ എം. ഡെസ്സായിൻ എന്നൊരാളിൽനിന്നു ൫൭,൦൦൦ പ്രതികൾ കണ്ടുകെട്ടി ആയാൾക്കു പത്തുദിവസത്തെ തടവും ൨൦ പവൻ പിഴയും കല്പിക്കുമാത്രമാണ് ജർമ്മൻകാർ ചെയ്തിട്ടുള്ളതു.

ഫ്രൈസൻ താഴ്വരയിൽ പട്ടാളച്ചാപ്പലന്മാരായി എം. ആബ്രൊസ്മോൻറെ പുത്രനും, ബ്രൂനൊറ് എന്നും പേരുള്ള രണ്ടു വൈദികർ ജോലി ചെയ്യുന്നുണ്ടു. ഇവരുടെ ജോലി സ്ഥലത്തു കഴിഞ്ഞ ധനുമാസം നടന്ന ഒരു ഭയങ്കരസംഭവത്തെ പ്രസ്തുത വൈദികർ അറിയിച്ചു തന്നിട്ടുള്ളതിനെ താഴെ ചേർക്കുന്നു. "ഞങ്ങളെ സഹായിക്കുന്നതിനു ഒരു റ്റ്റാപ്പിസ്റ്റ് ഫാദർ ക്രൂടെയും ഇവിടെവന്നു. ഇദ്ദേഹത്തിന്റെ ആഗമനം കിടങ്ങിൽനിന്നിരുന്ന മതവിരോധിയായ ഒരു പടയാളിക്കു് അത്ര രസിക്കാതെ ദൈവദൂഷണം പറയാൻ തുടങ്ങി. 'നമുക്കിവിടെ വൈദികരെക്കൊണ്ടെന്താണാവശ്യം? ദൈവമെന്നൊരാളില്ല, ഉണ്ടെങ്കിൽ എന്റെ കയ്യിലിരിക്കുന്ന തോക്കു അയാൾ തകർക്കട്ടെ' എന്നു പറഞ്ഞുകൊണ്ടു തോക്കുയർത്തിയമാത്രയിൽ ശത്രുപക്ഷത്തിൽനിന്നു ഒരുണ്ട തോക്കിന്റെ കുഴലിൽതന്നെ പതിച്ചു് അതിനെ പൊട്ടിക്കയും, ഈ ദൈവദൂഷണക്കാരന്റെ തല തകർക്കയും ചെയ്തു. അവനോടടുത്തു കിടങ്ങിൽ നിന്നിരുന്ന മറ്റുള്ളവർക്കു ഭയം ജനിപ്പിക്കത്തക്കവിധത്തിൽ അവൻ അവിടെ തന്നെ മറിഞ്ഞുവീണുമരിച്ചു.'

ഭൂകമ്പം— ഇറ്റലിയിൽ കഴിഞ്ഞ മകരമാസമാദ്യത്തിൽ ഉണ്ടായ ഭൂമികുലുക്കംകൊണ്ടു അരലക്ഷം ആളുകളോളം മൃതിപ്പെട്ടിട്ടുണ്ടെന്നാണു് ഇപ്പോഴത്തെ കണക്കുകൊണ്ടറിയുന്നതു. സോറാ എന്ന സ്ഥലത്തു ഭടന്മാർ നഷ്ടശിഷ്ടങ്ങൾ പരിശോധിക്കയിൽ ഒരു കന്യകാമഠം കണ്ടുമുട്ടി. കന്യാസ്ത്രീകൾ എല്ലാം ചാപ്പലിൽ ആയിരുന്നു. മുട്ടുകുത്തിനിന്നിരുന്ന ൨൦ മൃതശരീരങ്ങൾ അതിൽ ഉണ്ടായിരുന്നു. ദിവ്യപൂജ അർപ്പിച്ചുകൊണ്ടുനിന്നിരുന്ന ഒരു പട്ടക്കാരനും ഇവരുടെ ക്രൂടെ കൊല്ലപ്പെട്ടുപോയി. നൈപ്പിൾസിൽ ആയിരുന്ന സോറായുടെ മെത്രാൻ ഈ ദുഃഖവാർത്ത കേട്ടമാത്രയിൽ സ്വന്തരൂപതയിൽ എത്തി, നഷ്ടശിഷ്ടങ്ങളുടെ മുകളിൽ ഒരു ബലിപീഠം മുണ്ടാക്കി കുർബാന ചൊല്ലിക്കൊണ്ടു നിൽക്കയിൽ ഒരു ചെറിയ ഭൂകമ്പം ഉണ്ടായി. ഉടനെ മെത്രാൻ കാസാ ഉയർത്തിക്കൊണ്ടു അനുഗ്രഹത്തിനായി ദൈവത്തോടു പ്രാർത്ഥിച്ചു. അപ്പോൾ കുർബാനകണ്ടുകൊണ്ടുനിന്നിരുന്ന വിശ്വാസികളെല്ലാവരും മെത്രാനോടുകൂടി ചേർന്നുചെയ്ത ആ പ്രാർത്ഥന, എത്രയൊ ഹൃദയംഗമായിരുന്നു എന്നു വിവരിക്കാൻ പ്രയാസം. മാപ്പിപ്പാം തിരുമനസ്സുകൊണ്ടു മുറിവേറ്റ ഓരോരുത്തരോടും അവരുടെ ദുഃഖചരിതത്തെപ്പറ്റി ചോദിക്കയിൽ ൨൦ വയസ്സുപ്രായമുള്ള ഒരു കുട്ടി ഇങ്ങനെ പറഞ്ഞു. "ഞാനും ഒരു വയസ്സായ എന്റെ അനുജനും കൂടി ഒരു മേശക്കു കീഴിൽ കളിച്ചുകൊണ്ടുനിൽക്കയിലാണു ഭൂമികുലുക്കം ഉണ്ടായതു'. വീടു നിലംപതിച്ച ഉടനെ എന്റെ അച്ഛനും അമ്മയും കൊല്ലപ്പെട്ടു. നഷ്ടശിഷ്ടങ്ങളെ മാന്തിയും മാറ്റിയും ഞാൻ ഒരു വഴിയുണ്ടാക്കി എന്റെ അനുജനേയും വലിച്ചുകൊണ്ടു ഒരു വിധത്തിൽ പുറത്തുവന്നു."

അമേരിക്കായിൽ വെസ്റ്റ് ചെസ്റ്റർ എന്ന പട്ടണത്തിൽ അമലോത്ഭവമാതാവിന്റെ സഭക്കാരായ കന്യാസ്ത്രീകളുടെ മഠത്തിൽ കഴിഞ്ഞ ഡിസംബർമാസം ൩൦-൦൯-൧൯൨൫ പേർ സഭാവസ്ത്രം ധരിക്കുകയും ൨൯ പേർ പറഞ്ഞൊപ്പു ചെയ്തുയുമുണ്ടായി.

അത്ഭുത പ്രവർത്തക എന്ന പേരു കേട്ടിരിക്കുന്ന ഈശോയുടെ കൊച്ചുത്രേസ്യായെപ്പറ്റി അറിവില്ലാത്തവർ നമ്മുടെ ഈ കത്തോലിക്കാ കേരളത്തിലും അധികമാരുമുണ്ടാകുമെന്നു തോന്നുന്നില്ല. ഇപ്പോൾ യുദ്ധക്കളത്തിലേക്കാണ് ഈ കന്യകയുടെ ശ്രദ്ധ പതിഞ്ഞിരിക്കുന്നതെന്നു തോന്നുന്നു.

ജെ. എച്ച്. ഗാല്ലൊ എന്ന ഒരു പ്രൊട്ടെസ്റ്റൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "സഹോദരി ത്രേസ്യായെ വിശുദ്ധ എന്ന് നാമകരണം ചെയ്യുന്നതിനുള്ള ജപവും ചൊല്ലിക്കൊണ്ടു ഞാൻ തനിച്ചു ഡങ്കെർക്കിൽ ക്കൂടെ പോകുമ്പോൾ രണ്ടു ബോംബു എന്റെ അടുക്കൽ വീണുപൊട്ടി. ഉടനെ ഞാൻ നിലം പതിഞ്ഞു കിടക്കയിൽ ദാസ്യങ്ങൾ എന്റെ അടുക്കൽക്കൂടെ പല ഭാഗത്തോട്ടുമായി ചീറ്റി പായുന്നുണ്ടായിരുന്നു. ഞാൻ തല ഉയർത്തി നോക്കിയപ്പോൾ ഒരാകാശവിമാനം എന്റെ തലക്കുമീതെ തന്നെ ഞാൻ കണ്ടു. ഈ അപകടത്തിൽ നിന്നു രക്ഷപെട്ടതു ത്രേസ്യായുടെ മാദ്ധ്യസ്ഥംകൊണ്ടു തന്നെയാണെന്നാണ് എന്റെ പൂർണ്ണവിശ്വാസം."

ഓസ്ട്രേലേഷ്യായിലെ കത്തോലിക്കാ സഭ:- ഒരു നൂറു കൊല്ലങ്ങൾക്കുമുമ്പു കത്തോലിക്കുമതം കേവലം അജ്ഞാതമായിരുന്ന ഓസ്ട്രേലിയാ മുതലായ ദ്വീപുകളിലെ ഇപ്പോഴത്തെ സ്ഥിതി വിസ്മയനീയമായിരിക്കുന്നു. "N. Z Tablet" എന്ന പത്രം ഇപ്രകാരം പറയുന്നു. ഓസ്ട്രേലേഷ്യായിൽ ഈയാണ്ടത്തെ കണക്കുപ്രകാരം, ൨,൦൦൨ ദേവാലയങ്ങളും, ൯൫൦ ഇടവക പട്ടക്കാരും, നൂറ്റെ സന്യാസപട്ടക്കാരും ഉണ്ട്. പള്ളിക്കൂടം മറ്റു ധർമ്മസ്ഥാപനം മുതലായവയുടെ നടത്തിപ്പിൽ ഉദ്യമപ്പെട്ടിരിക്കുന്ന ബ്രദേഴ്സ് (സഹോദരന്മാ)രുടെയും കന്യകകളുടേയും തുക യഥാക്രമം ഇരുനൂറ്റി മുൻവ്വറും ആകുന്നു. വൈദികപഠനത്തിനുള്ള സെമിനാരികൾ ൫. ഉയർന്തരം വിദ്യാഭ്യാസത്തിനുള്ള കോളജുകൾ നാല്. ബാലികകൾക്കായിട്ടുള്ള ബോർഡിംഗ് സ്കൂളുകൾ ൨൫൨. ഹൈസ്കൂളുകൾ മുപ്പത്തി. ഇവകൾക്കും പുറമെ പ്രാഥമിക വിദ്യാലയങ്ങൾ മുന്നൂറ്റിമുപ്പത്തിരണ്ടു് ആകുന്നു. ഈ വിദ്യാലയങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ സംഖ്യ മുപ്പത്തിരണ്ടായിരത്തി ഇരുനൂറ്റിമുപ്പത്തിരണ്ടു ആകുന്നു. ആതുരശുശ്രൂഷാലയങ്ങൾ, അനാഥശാലകൾ മുതലായ പരോപകാര സ്ഥാപനങ്ങൾ മുപ്പത്തിരണ്ടു് ആകെയുള്ള കത്തോലിക്കാ ജനസംഖ്യ മുന്നൂറ്റിരുപത്തിനാലായിരത്തിനാൽപ്പതു് ആകുന്നു.

പോൾഡ് ഗാർഡ് എന്ന പീരങ്കിപ്പട നായകൻ തന്റെ ഭവനത്തിലേക്കു താഴെ കാണുന്ന വിധം എഴുതിയിരിക്കുന്നു. "യുദ്ധം തുടങ്ങിയതിൽ പിന്നെ ഞാൻ സദാ സഹോദരി ത്രേസ്യായുടെ തിരുശേഷിപ്പു ധരിച്ചുകൊണ്ടാണു നടക്കുന്നതെന്നു് നിങ്ങൾക്കും അറിയാമല്ലൊ. കന്നിമാസത്തിലെ അവസാനയുദ്ധത്തിൽ ഞങ്ങൾ വൻ പീരങ്കികളുമായി ശത്രുക്കളോടു നേരിട്ടു. അവർക്കാകട്ടെ ൨൫ ഉണ്ടായിരുന്നു. ഒരു വിഷമഘട്ടത്തിൽ എത്തിയപ്പോൾ ഞങ്ങളുടെ വെടിക്കോപ്പുകളും തീർന്നു. ഉടനെ വെടി നിറുത്തി സാമാനം ശേഖരിക്കാനുള്ള ബദ്ധപ്പാടിൽ ഞാൻ കാൽതട്ടി വീഴുകയും ഒരു വലിയ തോക്കുവണ്ടി എന്റെ കാലിൻമീതെ കയറി ഇറങ്ങുകയും ചെയ്തു. ഇതിനു നാലായിരം റാത്തൽ തൂക്കമുണ്ടായിരുന്നു. തൽക്ഷണം എന്റെ കൂടെയുണ്ടായിരുന്നവർ എന്നെ എടുത്തു മാറ്റുന്നതിനു വന്നപ്പോൾ ചതവുപോലും തട്ടാതെ ഞാൻ അവരുടെ മുമ്പിൽ എഴുന്നേറ്റു നിന്നു. അത്ഭുതം! അത്ഭുതം! എന്നു എല്ലാവരും കൂടി പറഞ്ഞു. എന്റെ ജീവനുവേണ്ടി ഞാൻ കൊച്ചുത്രേസ്യായിക്കാണ് കടപ്പെട്ടിരിക്കുന്നതെന്നു പറഞ്ഞുകൊണ്ടു എന്റെ പോക്കറ്റിൽ നിന്നു ഒരു വെള്ള പെൻസിൽ എടുത്തു 'ഉണ്ണി ഈശോയുടെ ത്രേസ്യായുടെ പീരങ്കിസൂക്ഷം' എന്നു എന്റെ തോക്കിന്മേൽ ഞാൻ എഴുതി. ഈ അക്ഷരം മഴകൊണ്ടോ മറ്റോ മാഞ്ഞുപോകുമ്പോഴൊക്കയും ഞാൻ വീണ്ടും എഴുതുന്നുണ്ട്. ഈ വിശുദ്ധയുടെ സംരക്ഷണത്തിൽ എനിക്കു അതിരറ്റ ശരണം ഉണ്ട്." ഇതുപോലെ പോർക്കളത്തിലും കിടങ്ങുകളിലും ആതുരശുശ്രൂഷികളിലും സംഭവിച്ചിട്ടുള്ള അനേക അത്ഭുതങ്ങൾ വേറെ ഉണ്ട്. സ്ഥലച്ചുരുക്കത്താൽ അവയൊന്നും ഇവിടെ പ്രസ്താവിക്കുന്നില്ല.